മഴമംഗലഭാണം

സംസ്കൃതത്തിൽനിന്നു

കവിയൂർ രാമൻനമ്പ്യാർ

മലയാളത്തിൽ

തൎജ്ജിമചെയ്തതു

മഴമംഗലഭാണം.

സംസ്കൃതത്തിൽനിന്നു
കവിയൂർ രാമൻനമ്പ്യാർ
മലയാളത്തിൽ തൎജ്ജിമചെയ്തതു.

(കോപ്പി — ൧൦൦൦)

തൃശ്ശിവപേരൂർ
“കേരളകല്പദ്രുമം” അച്ചുക്കൂട്ടത്തിൽ അച്ചടിച്ചതു.
൧൦൬൨.

All rights reserved.

വില ൪ അണ.

മഴമംഗലഭാണം.

സംസ്കൃതത്തിൽനിന്നു

കവിയൂർ രാമൻനമ്പ്യാർ

മലയാളത്തിൽ

തൎജ്ജമചെയ്തതു

(കൊല്ലം— ൧൦൭൦)

തൃശ്ശിവപേരൂർ

"കേരളകല്പദ്രുമം" അച്ചുക്കൂടത്തിൽ അച്ചടിച്ചതു.

൧൮൯൫.

All rights reserved.

വില ൪ അണ.

അവതാരിക.

സരസകവികുലശിരോമണിയായ "മഴമംഗലത്തു" നമ്പൂരിയാൽ ഉണ്ടാക്കപ്പെട്ട സംസ്കൃതഭാണം നാടകസമ്പ്രദായത്തിൽ അഭിനയിക്കത്തക്കവണ്ണം മലയാളത്തിൽ തർജ്ജമചെയ്യേണമെന്ന പല സ്നേഹിതന്മാരുടെ നിർബ്ബന്ധിക്കയാൽ വിടഭിന്നങ്ങളായ പാത്രങ്ങളേയും രംഗത്തിൽ പ്രവേശിപ്പിച്ചു ഞാൻ ഒരുവിധം തർജ്ജമചെയ്തു.

ഇങ്ങിനെ ആയാൽ മൂലത്തിന്ന വൈലക്ഷണ്യം വരിക്കുമെന്നുള്ളതു നിസ്സംശയമാണ എങ്കിലും അഭിനയസൌകര്യത്തിന്നുമാത്രം വേണ്ടി ഇപ്രകാരം ചെയ്തതാണ. അതിനാൽ ഇതിൽ അഭിജ്ഞന്മാരായിട്ടുള്ളവർക്ക വൈരസ്യം തോന്നുകയില്ലെന്ന വിശ്വസിക്കുന്നു.

ഇനി വേണമെങ്കിൽ സംസ്കൃതരീതിയിൽ ആക്കുന്നതിന്നും പ്രയാസമില്ലല്ലൊ. ചില സ്ഥലങ്ങളിൽ പാഠഭേദങ്ങളും കണ്ടേക്കാം.

ഇതു തർജ്ജമചെയ്യുന്നതിൽ എനിക്കു ഏററവും സഹായിച്ചിരിക്കുന്ന ദോഷജ്ഞചിന്താമണിയായ ബ്രഹ്മശ്രീ "പെഴനെല്ലിപ്പുറത്തുതയ്യാട്ട" നാരായണൻ മൂസ്സതു അദ്ദേഹത്തിങ്കൽ ഈ പുസ്തകം സവിനയം സമർപ്പിച്ചിരിക്കുന്നു.

ഈ പുസ്തകം അച്ചടിപ്പിക്കുന്നതിലേക്കായി ദ്രവ്യസഹായം ചെയ്തിട്ടുള്ള കാവിൽപുല്ലോത്തനാരായണൻ നമ്പ്യാർ അവർകളെക്കുറിച്ചു ഞാൻ ഏററവും കൃതജ്ഞനായിരിക്കുന്നു.

തൃശ്ശിവപേരൂർ } പരിഭാഷാകർത്താവു.
൧൦൮൭ മീനം ൧൫-ാംനു }

മഴമംഗലഭാണം.

ഹരിഃ ശ്രീ ഗണപതയെ നമഃ

അവിഘ്നമസ്തു.

---

* ശ്രീശാരദാകൃപയതിൻ കലശമകറ്റൻതാൻകവിട്ടെന്നുമെ
ച്ചൂഡാചന്ദ്രമരീചികൊണ്ടുരുതരംവാംയോഗതോന്നുവാടുന്നതെ
ഈടേറുംകൊറിവാസുമെൻതലതകർത്തിടാൻകരുതേറാവും
ക്കൂടുന്നാജ്ഞിമിഴാപ്പാദാംബുജങ്ങൾപോലിക്കണംനിത്യമേ (൧)

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ.

* ജാത്യാ യതെതന്നലോകേ കവിനികപിസദ
സമാരംപ്പെത്തെന്നുവിട്ടന്നു
ശ്രീസ്വാമിസേവയ്ക്കൽപ്രചുരതരമാചി
ദാനന്ദാനുത്തികമാകും
പൊന്താൽസാരെത്തന്നുപൊന്നാമലരയോടെ
ത്യക്ക ചാതുർ കാന്താജനത്താൽ
സാമ്യംസാക്ഷാൽജയിക്കുന്നിതുജഗതി
പ്രകടംനിട്ടമക്കാമദേവം (൨)

അത്രതന്നെയുമല്ല,

* ഉത്സഹാനങ്ങളാൽമന്ദമന്ദംനടക്കും
തരുണികളുടെവാസംതൊൻജയിക്കുന്നപാദം
പലിചിന്നോടതിലല്ലോപാതുന്നുജയിക്കു
ന്നരിയതമലർബാണൻകേളിയെപ്പുഷ്ടിടുന്നു (൩)

വളരെ വിസ്തരിച്ചിട്ടാവശ്യമില്ല. (അല്പം അടുത്തുചെന്നു തൊഴുതുംകൊണ്ടു) അല്ലയോ അല്ലയോ!! പതിന്നാലു ലോകങ്ങളിലും വ്യാപിച്ചിരിക്കുന്ന ആശ്ചര്യകരമായ ചരിത്രത്തോടുകൂടിയവരാം കരിന്തുവില്ലിന്മേൽ തൊടുക്കപ്പെട്ട പുഷ്പബാണങ്ങളെ

ക്കൊണ്ടു സകല ജനങ്ങളുടേയും ധൈൎയ്യസാരത്തെ കളയുന്നവനാം ശ്രീപരമേശ്വരന്റെ ശരീരാൎദ്ധത്തിൽ പാൎവ്വതിയാകുന്ന ജയധ്വജത്തെ നാട്ടിയവനാം ആയുള്ള ഭഗവാൻ കാമദേവന്റെ യാത്രാസമയത്തിൽകൂടി വന്നവരും എല്ലാ ശാസ്ത്രസാരങ്ങളേയും അറിയുന്നവരുമായ സഭാവാസികളേ ! ഞാൻ ഈയറിയിച്ചു കൊള്ളുന്നതിനെ ഭവാന്മാർ കേട്ടാലും.

നിൎദ്ദയം തടിച്ചിരിക്കുന്ന ഭുജദണ്ഡത്തിലുള്ള വാളിനെ കാണുമ്പോൾതന്നെ ഉണ്ടാകുന്ന ഭയം ഹേതുവായിട്ടു പാദങ്ങളിൽ വന്നു പതിക്കുന്ന ശത്രുരാജാക്കന്മാരുടെ കിരീടങ്ങളിൽ പതിച്ചിരിക്കുന്നമണിഗണങ്ങളാകുന്നനക്ഷത്രസമൂഹങ്ങളെക്കൊണ്ടു ശോഭിച്ചിരിക്കുന്ന നഖചന്ദ്രമണ്ഡലങ്ങളോടു കൂടിയവനാം എല്ലാ സുന്ദരിമാരുടേയും മനസ്സാകുന്ന കണ്ണാടിയിൽ പ്രതിബിംബിച്ചിരിക്കുന്ന അതി സുന്ദരമായ രൂപത്തോടു കൂടിയവനാം നീതിശാസ്ത്രമാകുന്ന മണിക്കല്ലിന്മേൽ ഉരെക്കുകകൊണ്ടു ഏറ്റവും നിശിതമായ ബുദ്ധിയിൽ സ്ഫുരിക്കുന്ന കൃത്യാകൃത്യങ്ങളോടു കൂടിയവനാം സംഗീതസാഹിത്യങ്ങളിൽ അതി നിപുണന്മാരാം ന്യായാൎജ്ജിതങ്ങളായ ദ്രവ്യങ്ങളുടെ ദാനത്തിന്നു വിഷയമാകി ചെയ്യപ്പെട്ടു കവിജന കദംബങ്ങളുടെ മുഖങ്ങളിൽനിന്നു പുറപ്പെട്ടു യശസ്സാകുന്ന പരിമളരാശികൊണ്ടു ലോകമെല്ലാംനിറെച്ചവനാം കന്ദൎപ്പസദൃശനായ "രാജരാജൻ" എന്നു പേരോടുകൂടിയ മാടമഹാരാജന്റെ നിയോഗത്താൽ, എല്ലായ്പോഴും തന്റെ ചരണാരവിന്ദങ്ങളുടെ ആരാധനത്തിൽ താല്പൎയ്യത്തോടുകൂടിയ ജനങ്ങൾക്കു കല്പലതയെപ്പോലെ ഉള്ളവളായും വലയാലയ നിവാസിനിയായും ശ്രീപരമേശ്വരന്റെ വാമാംഗത്തിന്നു അലങ്കാരഭൂതയായും ശിവകാമസുന്ദരിയായുമുള്ള ശ്രീകാമാക്ഷിയുടെ കടാക്ഷമാകുന്ന കഴലിൽകൂടി ഒഴുകിവരുന്ന കൃപയാകുന്ന അമൃതുകൊണ്ടു എല്ലായ്പ്പോഴും നനെക്കുകകൊണ്ടു ഉല്ലസിച്ചിരിക്കുന്ന കവിതാവൃക്ഷത്തോടുകൂടിയ ഒരു കവിയാൽ ഉണ്ടാക്കപ്പെട്ടു ഒരു ഭാണം ഇന്നു ഞാൻ ഇവിടെ അഭിനയിപ്പാൻ ആഗ്രഹിക്കുന്നു. അതിനാൽ ദയാലുക്കളായ ഭവാന്മാർ അതിൽ അവഹിതന്മാരായിരിക്കേണമെന്നു അപേക്ഷി

ക്കുന്നു

(അണിയറയിൽ)

* വിടപമലയമാവിൻപൂമണംചേൎത്തുമെല്ലാ
യിടവുമിഹവിയോഗിവ്രാതചിത്തം ദഹിച്ചും
ചടുലമലയവാതംകൊണ്ടുമോല്ലാസ്യമായും
വടിവൊടുവിലസുന്നുപാരമിപ്പോൾവസന്തം (൪)

സൂത്രധാരൻ—(കേട്ടതായി നടിച്ചിട്ടു) ഓഹോ! വിജ്ഞാപനം കഴിഞ്ഞ ഉടൻതന്നെ ഉചിതജ്ഞനായ വല്ലവരും വസന്തത്തെ വൎണ്ണിക്കുന്നു. അല്ലയോ പ്രിയതമേ! വിരഹിജനങ്ങളുടെ അന്തകനായ വസന്തം തുടങ്ങിക്കഴിഞ്ഞു. അപ്രകാരം തന്നെ.

* മടുമലർശരപരിതാപമ
തുടരെയാമിഥുനങ്ങളെമുദാതന്നിൽ
വിടനതുപോൽകൂട്ടിച്ചേ
ൎത്തിടുമീമധുമാസമിന്നുവരുന്നു (൫)

(പോയി)

(പ്രസ്താവന കഴിഞ്ഞു)

—o—

(അനന്തരം വിടൻ പ്രവേശിക്കുന്നു)

വിടൻ— (തന്നെ നോക്കീട്ട്)

* പായംകേറിപ്പുരന്ദരനെത്തിർവസനമത്തും പൊന്നരഞ്ഞാണത്തും
മായംനൽകന്നതേച്ചുമതിമനോഹാരിയാമീയുരസ്സും ശ്രീ
കണ്ഠിൽച്ചെത്തുപൊൻകെട്ടിയവടിയുമഹോ ചന്ദനംചാൎത്തുപ
ശ്രീയക്കുന്നപ്പുനേയുംനിയതമപഹസിച്ചീടുവാൻപോരുമല്ലോ (൬)

(ദിക്കുകളെ നോക്കീട്ടു) ഹേ! ഈ പ്രഭാതസമയം വളരെ രമണീയമായിരിക്കുന്നു. എന്തെന്നാൽ,

* ആമോദംനളിനിക്കുപാരമുളവാക്കിക്കൊണ്ടുഭാസ്വാനിതാ
സാമോദംകരമേറിയങ്ങുദയശൈലത്തിന്റെ കൂടത്തിൽ
കാമംമാലൊടുകല്പതുല്യനിശയെക്കൂട്ടാൽനയിച്ചിപ്പൊളി
ശ്രീമൽകോകകുലംസുഖാൽപിടകളോടൊന്നാറമിക്കുന്നതേ (൭)

മാത്രം തന്നെയുമല്ല,

* കന്നേ കണ്ണാടിതന്നിൽ ചേതകണ്ണാമർകൊ
ട്ടുണ്ണുള്ളൊരു ദന്തവ്രണത്തെ
കണ്ടിട്ടുണ്ടോ ഗോഷ്ഠത്തിങ്കലിനപുളകം
പൂണ്ടപ്പോക്കേനിയൊട്ടും
കണ്ടിട്ടന്നുണ്ടു ചെന്നാളെല്ലാവെളിയിൽ
മറുകിച്ചുവപ്പിച്ചുഹാസം
പൂണ്ടിട്ടും വക്ത്രമൊട്ടുസപദിപകലി
മാത്തരാഗരാഗങ്ങളോട്ടും (൭)

(പിന്നെ തന്റെ അവസ്ഥയെ കുറിച്ചു ആലോചിച്ചിട്ട)

* സ്വാപ്നം മോടിയോടുഗണികകൾക്കുവേ
ചെന്നാവർഷം ഗിയാൽതാ
ന്നപ്പിന്നാം പാട്ടിലാക്കീട്ടവരെ ഹാസിസാ
ധിച്ചു തൻകാര്യമെല്ലാം
പുഷ്പിച്ചുമെന്നഫലാന്തിയലിന്ദ്രജാലമെ
ച്ചുത്തുമന്യോന്യമമ്പോ
ടുൾക്കുള്ളൂടും സ്ത്രീപുമാന്മാർകളെ, യന്നുടിവ
സന്തൊരൻകഴിക്കുന്നകാലം (൮)

എന്നാൽ ഇന്ന പ്രഭാതത്തിൽ തന്നെ നിയമങ്ങളെല്ലാം കഴിഞ്ഞു ഈ വേശ്യാതെരുവിലേക്കിറങ്ങിയിരിക്കുന്ന എനിക്കു വിനോദത്തിനായിട്ട ഉപായമൊന്നും ഉണ്ടാകുന്നില്ല-അതുകൊണ്ടിപ്പോൾ എന്താണ പ്രവൃത്തിക്കേണ്ടത.

(വിചാരിച്ചിട്ട) കഷ്ടം, വലുതായ ഒരു കാര്യം ഞാൻ മറന്നുപോയി- എന്തെന്നാൽ, ഇന്നലെ പ്രഭാതസമയത്തിൽ തന്നെ അനംഗകേതുവിന്റെ പ്രിയവയസ്യനായ മദനകേതൻ ബദ്ധമാനത്തോടുകൂടെ എന്നോടപേക്ഷിച്ചിരിക്കുന്നു- എങ്ങിനെയെന്നാൽ, ,,എന്റെ പ്രിയമിത്രമായ അനംഗകേതുമദനോത്സവം കാണ്മാൻ വന്നിരുന്ന അനംഗപതാകയെ കണ്ടിട്ടവളെ കുറിച്ചുള്ള അനുരാഗത്താൽ പരവശനായിട്ടിപ്പോൾ---

* സന്താപസംപൂർണ്ണതല്പകാവരിൽവിസലത
യെക്കൈവെടിഞ്ഞും ശരാങ്ക
ചിന്തുംകോപം കലർന്നം മലയപവനനെ
ത്തൻകരത്താൽത്തടുത്തും

ചിന്തിപ്പീടാതെമറെറാന്നിനെയുമനിശമ
കണ്ണുനേർകണ്ണിയാളെ
സ്വാന്തേ ചിന്തിച്ചുകൊണ്ടങ്ങനെ മഹസി
വസിക്കുന്നമിണ്ടാതെ കണ്ടു (൫൦)

അതിനാൽ ഇപ്പോഠം അദ്ദേഹത്തിന്റെ ആഗ്രഹത്തെ സാധിപ്പിപ്പാനായി അങ്ങു പ്രയത്നം ചെയ്യേണം" എന്നു സദൃശന്മാരായ സ്ത്രീപുരുഷന്മാരെ കൂട്ടിച്ചേർപ്പാൻ ആഗ്രഹത്തോടുകൂടിയ ഞാൻ 'ഏതൊ അങ്ങനെ തന്നെ' എന്നു സമ്മതിക്കയും ചെയ്തു. അത്രതന്നെയുമല്ല കാമതന്ത്രത്തെ എല്ലാം മറച്ചു സംയോഗത്തിനുചിതങ്ങളായ വസ്തുക്കളെ ഒക്കയും സമ്പാദിച്ചു പുതിയ പ്രിയതമയോടു കൂടിയുള്ള സംഗമത്തിനു സദൃശമായ വേഷം ധരിച്ചു മദനമഹനാകുന്ന ഒരു സഹായത്തോടു കൂടി ഭവാൻ നാളെ സന്ധ്യാസമയത്തിൽ അനംഗപതാകയുടെ ഗൃഹത്തിൽ വരണമെന്നും ഞാനും മുമ്പിൽ തന്നെ അവിടെ ചെന്നു നിങ്ങളുടെ വരവിനെ കാത്തുംകൊണ്ടിരിക്കാമെന്നും പ്രിയവയസ്യനായ അനംഗശേഖരനോടു പറയണമെന്നായിട്ടു പറഞ്ഞയയ്ക്കയും ചെയ്തു. അതിനാൽ ഇപ്പോഠം ബന്ധുകാൎയ്യത്തെ സാധിപ്പിക്കാനായി പ്രയത്നം ചെയ്യണം.

(ചുററി നടന്നു മുമ്പിലേക്കു നോക്കീട്ടു സന്തോഷത്തോടുകൂടെ)

മൈഠ— അന്വേഷിക്കപ്പെടുന്ന ലത കാലിൽതടഞ്ഞു. എന്തെന്നാൽ, അനംഗപതാകയുടെ പ്രിയസഖിയായ ചിത്രലത ഇതാ എന്റെ നേരെ വരുന്നു. ഇവളാകട്ടെ—

കണ്ണു കുഠംകടയുമാഗധേയമൊരുമിച്ചുകൂടിമരുവുന്നതിൻ
വണ്ണമങ്ങുവലുതായിടുന്നകുളുർമുലകളോടുചേർന്നഹോ
തിണ്ണമേറെമെലിഞ്ഞിടുന്ന കുളുർമ്പിപ്പോലിമലനാഭിയും
വണ്ണമങ്ങിനെനടന്നുകൊണ്ടുഹൃദി നൽകിടുന്നു മമ കൗതുകം (൭)

(അനന്തരം ചിത്രലത പ്രവേശിക്കുന്നു)

വിടൻ— എടോ ഇവളും അടുത്തുവന്നു. ചിത്രലതയായിക്കൊണ്ടു സ്വാഗതം. അനംഗപതാക എന്നു പേരായ വേശ്യോത്തമാംഗിക്കു സുഖമല്ലേ?

ചിത്രലത— ഭവാൻ അവളെ വിചാരിക്കുന്നതുകൊണ്ടു ഇപ്പോഠം സുഖംതന്നെ.

വിടൻ— എന്നാൽ ഭവതി എങ്ങോട്ടാണ പുറപ്പെട്ടത ?

ചിത്രലത— പ്രിയസഖി നിമിത്തമായ ഒരു വലിയ കാൎയ്യത്താൽ ഭവാനെ കാണ്മാനായിട്ടാണ ഞാൻ വന്നത.

വിടൻ— (വിചാരം) അനംഗകേതുവിനെ കണ്ടിട്ട ഇവളും കാമപീഡിതയായിരിക്കുമൊ- എന്നാൽ എന്റെ ആരംഭം ഫലിക്കും- അല്ലെങ്കിൽ സൎവ്വോൽകൃഷ്ടമായ വസ്തുവിനെ സൃഷ്ടിക്കുവാൻ സമൎത്ഥനായ ഭഗവാൻ വിധിയുടെ കരകൌശലം ഫലിക്കാതിരിക്കുമൊ- (പ്രകാശം) ഭദ്രേ! ആ കാൎയ്യമെന്താണ ?

ചിത്രലത— ആൎയ്യൻ കേട്ടാലും- ഇവിടെ ഉണ്ടായ വലിയ മഹോത്സവത്തിൽ എല്ലാ ദിക്കുകളിൽനിന്നും സ്ത്രീകളും പുരുഷന്മാരും വന്നു നില്ക്കുമ്പോൾ-

* ഉത്സവത്തിനുടെ ഭംഗികൾ കാണ്മതിന്നായ്
നന്നായനംഗനുടൽപൂണ്ടു ചരിക്കയെന്നായ്
തോന്നുന്നമട്ടഴകെഴുന്നൊരനംഗകേതു
തന്നെക്കുതൂഹലമൊടെൻസഖി കണ്ടിതാമാൽ (൧൨)

എന്നിട്ട-

* തെല്ലമ്പോട്ടവിടന്നുനൽകുവലയശ്രീയോടുമല്ലിട്ടിടും
ചൊല്ലേറുന്നയനങ്ങൾകൊണ്ടഴകിനോടാമന്ന്യനേനോക്കിയും
വല്ലാതങ്ങിനെരോമഹൎഷമിളകിപ്പൂമെയ്തളൎന്നപ്പൊഴെ
മല്ലീബാണശരാവലിക്കുതരസാലാക്കായിമെക്കന്നിയാൾ (൧൩)

പിന്നെ കുറെക്കാലം കഴിഞ്ഞതിന്റെശേഷം ഭഗവാൻ കാമദേവനെ നമസ്കരിച്ചിട്ട ജനങ്ങൾ യാത്രപുറപ്പെട്ടപ്പോൾ-

* അലർശരചലിതാപാംഗ്യെണ്ടവീണ്ടുംതിരിഞ്ഞുൽ
കലികുതുകലനാമിയേനോക്കിനോക്കി
പുളകിതതനുവായിട്ടീൎഗ്ഘനിശ്വാസമോടാ
നളിനമിഴിഗമിച്ചാൾമന്ദിമമന്ദമന്ദം (൧൪)

അന്നുതുടങ്ങീട്ട,—

* അളിമാൎമൊഴികൾകേൾക്കയില്ലുഴകിൽ
നോക്കയില്ലുകിളിയെയൊന്നിസം
വ്യാളിയെന്നുകരുതിസ്സ്വഹിക്കയുമില്ല
പോർമുലയിൽവച്ചുകിൽ

ഉൾപ്പൂണ്ണഗശിരിഷാകാമമൂലശമിംയാ
മവളുഴന്നമൊ
നീളനീളെയൊഴുകുന്നബാഷ്പമൊടു
മേവിടുന്നശയനെനസദാ (൧൩)

അതിനാൽ സ്ത്രീകളുടെ കാമതന്ത്രത്തിന്റെ ചികിത്സകനായ ആയുഷ്മാൻ പ്രിയസഖിയുടെ പ്രാണരക്ഷയ്ക്കായിട്ടു പ്രയത്നം ചെയ്യണം.

വിടൻ— (വിചാരം) ആയുഷ്മതി ഇപ്പോൾ പറഞ്ഞ അനംഗസേനയുടെ വൃത്താന്തവും മദനസേനൻ പറഞ്ഞ അനംഗകേതുവിന്റെ വൃത്താന്തവും ഒരു ത്രാസിലിട്ടു തൂക്കിയതുപോലെയിരിക്കുന്നു. ഇതിങ്ങിനെ തന്നെ വരേണ്ടതാണ്. എന്തെന്നാൽ,

* മന്ത്രമെന്നൊളുകടയുമെതപോലുമില്ലമറപ്രമല്ലോ
സാദൃശ്യപ്പെടാത്തതിനെയതുമംഗിയില്ലോത്തു കണ്ടാൽ
ചെമ്മേകണ്ടൊന്നിച്ചകറിയതുമേററയൊട്ടേറെനിന്നും
തമ്മിൽചേർക്കത്തൊഴുകവലമാകീലുവച്ചതുകേണമെ (൧൪)

എന്നതുമാത്രമല്ല, ഇപ്പോൾ എന്റെ ബന്ധുകാര്യത്തിന്റെ ഭാരം നന്നാലഘുവായിത്തീർന്നു. എന്തെന്നാൽ,

* മട്ടോതന്ന്യോന്യരാഗംപെരുകിനസുജനത്തി
ന്റെ സംയോജനത്തിൽ
ഒട്ടിച്ചേർപ്പാൻശ്രമിക്കുന്നൊരുപുരുഷനു
ഓരാലേശവുംക്ലേശമില്ല
ഒട്ടേറെത്തക്കമാമ്മാറൊത്തുപതമളവിൽ
ക്കായലിൽത്തോന്നിനന്നായ്
പെട്ടിടുംകണ്ണുയാതനടയെട്ടതമെ
ശുഷ്കമശുഷ്കമല്ലോ (൧൫)

(പ്രകാശം) ഭദ്രേ! നിന്റെ പ്രിയസഖിയെ യോഗ്യനായ പുരുഷനിൽ അനുരാഗത്തോടുകൂടിയവളെന്നു കേട്ടിട്ട് എന്റെ മനസ്സിൽ വളരെ സന്തോഷമുണ്ട്. വിചാരിച്ചു നോക്കു—

* മെല്ലെന്നൽപ്പൂത്തുവിലസീടിടുമെന്നുമംഗി
യില്ലിന്നുമല്ലികമുതലൊക്കടുമേ ചന്ദ്രനെന്നാൽ
ചൊല്ലുന്നതൃവമഹനോടുവേചന്ദ്രികയും
എല്ലാമിതൊക്കെതന്നെമഹോത്സവകരം (൧൬)

ചിത്രലത— പ്രിയസഖി, യാതൊരു പ്രകാരമായാൽ എല്ലാവരാലും അഭിനന്ദിക്കപ്പെടുവാൻ യോഗ്യമായ സൌഭാഗ്യത്തൊടു കൂടിയവളായിത്തീരും- അപ്രകാരം ആര്യൻ പ്രയത്നം ചെയ്യണം-

വിടൻ— ഈ ഭാരം ഇനിക്കു തന്നെയാണ- ഭേദി പൊയ്ക്കൊളു- ഇന്നു സന്ധ്യാസമയത്തിൽ തന്നെ പ്രിയസഖിയുടെ ഗൃഹത്തെ അനംഗകേതുവിനെക്കൊണ്ടു ഞാൻ അലങ്കരിപ്പിക്കുന്നുണ്ടു ഈ വാക്കിനെ പ്രിയസഖിയോടു പറകയും ചെയ്യണം- അല്ലയോ പ്രേയസി?

തോഴി പ്രിയമതിന്നിറവേറാൻതെല്ലുന്നാം തോന്നിരിക്കേണമല്ലോ!
നൽപ്പൂമെയ്യീവിധമാമ്പൂമാൽകൊണ്ടുവാട്ടിടൊല്ലുസഖി! എൻ

ചിത്രലത— ഭവാൻ പ്രിയസഖിയെ അനുഗ്രഹിച്ചു- ഞാൻ പോകുന്നു- (എന്നുപോകുന്നു)

വിടൻ— ഹൊ- ഇവൾ പുറപ്പെട്ടു കഴിഞ്ഞു- ഇവളുടെ യാത്രാഭംഗിയെ കാണുക തന്നെ- (എന്നു നോക്കിക്കൊണ്ടു)

* ചലനമെഴുമരക്കെട്ടോടുമപ്പായമൈകവീ
ശചിഞ്ഞൊട്ടുമിളകീട്ടുംകാൽചിലമ്പൊച്ചയോടും
തലമുടിയടിയോളംതൂങ്ങിയുംമന്ദിപോലി
ച്ചലമിഴിഗതികണ്ണിന്നൊരാരമേകുന്നുസൌഖ്യം (൨൦)

അഹോ ഇവൾ പൊയ്ക്കഴിഞ്ഞു- (വിചാരിച്ചിട്ടു) ഇപ്പോൾ ബന്ധുകാര്യം സാധിച്ചതുപോലെ ആയി- അനംഗപതാകയുടെ ഗൃഹത്തിൽ സന്ധ്യാസമയം സമീപിക്കുമ്പോൾ ചെന്നാൽ മതിയല്ലൊ- അതിനാൽ വളരെ വേശ്യാഭവനങ്ങളെക്കൊണ്ടു അലങ്കരിച്ചും കാമദേവന്റെ തേർവീഥി പോലെയും ഇരിക്കുന്ന ഈ വേശ്യാത്തെരുവിൽ സഞ്ചരിച്ചുകൊണ്ടു സന്ധ്യാസമയംവരെ ആത്മാവിനെ വിനോദിപ്പിക്കാം- (നോക്കീട്ടു) സകല കാമിനികൾക്കും തിലകം പോലെയുള്ള കലാവതിയുടെ ഭവനദ്വാരം ഇതാ കാണപ്പെടുന്നു- അവളാകട്ടെ—

* പെരുകിനധനം ചേരുംകൂപ്പോടുമുള്ളോരുവന്റെമ
ന്ദിരമതിൽവസിക്കുന്നുമിക്കപ്പൊഴുംദ്രവിണാശയാൽ
പരമിവിടെയുംപോന്നീടുന്നുചിലപ്പൊളൊളിച്ചഹോ
പരപുരുഷരെപ്പുൽകീടാനായ്സ്വയംഹരിണീമിഴി (൨൧)

ഇവളുമായിട്ടു എനിക്കു മുമ്പിൽ പരിചയവുമുണ്ടു. അതിനാൽ അവൾ ഇവിടെ ഉണ്ടോ ഇല്ലയോ എന്നു ചോദിയ്ക്കതന്നെ. (പ്രവേശത്തെ നടിച്ചിട്ടു) ഹോ. ഇതാ കലാവതി എന്തോ ഒരു പ്രവൃത്തി ചെയ്യുംകൊണ്ടെന്നപോലെ ഭവനത്തിന്റെ ഉള്ളിലേക്കു തിരിഞ്ഞിരിക്കുന്നു ഇവളാകട്ടെ—

* ചുരുണ്ടുനീണ്ടേററം നിബിഡതരമാസ്സാർമുകിൽകണ
ക്കിരുണ്ടുള്ളുമ്പീട്ടുള്ളോരു ചികുരഭാരത്തൊടുമഹോ
കരസ്സുന്നുപിന്നിൽപ്പെടുമഴകുകൊണ്ടുംധൃതിയെഴാ
ധൃമിക്കുണ്ടോമേംഗ്രളഗ്രമ്മികതന്റെപ്പുറവും (൨൨)

(പിന്നെ നല്ലവണ്ണം നോക്കീട്ടു) ഇവൾ മുത്തുമാലപ്പൂട്ടികെട്ടുകയാണു.

(വിചാരിച്ചിട്ടു) ഇതു ഇന്നലെരാത്രിയിലത്തെ പ്രവൃത്തികൊണ്ടു പൊട്ടിയതായിരിക്കണമെന്നു ഞാൻവിചാരിക്കുന്നു. അതിനാൽ ഇപ്പോൾ—

* പിന്നിൽപ്പതുക്കെവന്നെന്നിയെകാലുവെച്ചു
ചെന്നിട്ടുഗ്രഥിതമാസ്സുമലമ്പോലെ
നന്നായ്മൃദുതരമെഴുമെന്റെകരങ്ങൾകൊണ്ടി
ത്തന്വാംഗിതന്മിഴികളൂന്നൊട്ടുപൊത്തുവൻഞാൻ (൨൩)

(അനന്തരം തിരിഞ്ഞിരുന്നു മുത്തുമാലപ്പൂട്ടികെട്ടുന്ന കലാവതി പ്രവേശിക്കുന്നു)

വിടൻ— (അടുത്തു ചെന്നു കണ്ണുകൾ പൊത്തീട്ടു) മറ്റേ! ഇതാരാണെന്നു പറയൂ.

കലാവതി— ഒച്ച കേട്ടറിയണമെന്നു തന്നെയില്ല. തൊട്ടതുകൊണ്ടു തന്നെ ഭവാനെ ഞാനറിഞ്ഞു.

വിടൻ— (വിചാരം) ഹോ! സമത്ഥയായ ഇവൾ എന്നെ അറിഞ്ഞു. ആകട്ടെ ഇങ്ങനെ പറകതന്നെ. (പ്രകാശം) അല്ലയോ ഭ്രാന്തി! ഈ ജനത്തെ മുമ്പിൽ തൊട്ടിട്ടുണ്ടോ?

കലാവതി— എന്താണു സംശയം?

വിടൻ— എന്നാൽ ഒരു അടയാളം പറകതന്നെ.

കലാവതി— ഇയ്യിടെ കഴിഞ്ഞ വസന്തോത്സവം കണ്ട രാത്രിയിലുണ്ടായ വിശേഷവൃത്താന്തത്തെ സ്മരിക്കു.

കേരളസാഹിത്യ അക്കാദമി

വിടൻ— (കണ്ണിൽനിന്ന കണ്ണെടുത്ത ചിരിച്ചുകൊണ്ട മുമ്പിൽ വന്നിട്ടു) അപ്പൂർവാ പ്രിയതമേ!

കെട്ടാട്ടുടയഴിച്ചുള്ളത വേശാൽ കാണാതെയെമ്മ ചന്തവാ
ഒാട്ടേറെപ്പുള ഏറ്റുമെപ്പു കാടന്തന്നതാണോ ചലിക്കരതപോ
ട്ടെണ്ടായഥ പേരനുമണിയെ ന്നാടനുചെയ്യുത്തിന്നാ
ലൊട്ടേറമെ ... സ്സുകിലെങ്കിലങ്ങനൊന്നിപ്പോഴും വര്

കലാവതി— വേണ്ടായികൊണ്ട സ്വാഗതം. ഈ ആസന ത്തിലിരിക്ക.

വിടൻ— (ഇരുന്നിട്ടു) സഖി! ആ കച്ചവടക്കാരൻെറ ഗൃഹത്തിൽ നിന്ന വെടി ഇവിടെ വന്നിട്ടു എത്ര ദിവസമായി.

കലാവതി— മൂന്ന നാലു ദിവസമായി.

വിടൻ— (പിന്നെ നോക്കീട്ടു) എന്തുകാരണം കൊണ്ടാണ ഈ മുത്തുമാല പൊട്ടിയതിപ്പോൾ

കലാവതി— ഇന്നലെ രാത്രിയിൽ അംഗസംഗം ഉണ്ടായതു കൊണ്ടാണ.

വിടൻ— (ചിരിച്ചുകൊണ്ട) അംഗസംഗം ഉണ്ടായതുകൊ ണ്ടെന്നാണ പറയേണ്ടത.

കലാവതി— മറ്റെന്ത വിധത്തിൽ വിചാരിക്കണം.

വിടൻ— വിചാരി! ഈ ... വഞ്ചിപ്പാൻ കഴിയുന്നതല്ല.

ഭോഗദേശ ... ഇസാക്ഷയിലൂടെ ...
ഥാമിന്നാം ... പോലമിഴി പൊട്ടിയാട്ടെ ... ചാൽകനി
ചാരുചോർമുല ... തുമുലിൽനാഥനെ ... യൊടമ്പിളി
കീറുപോലെ ... മുത്തുവാകുവാൻ ... കാരണം (വര

(വിചാരം) ഇവൾ ചിരിക്കയാണല്ലോ. അതിനാൽ ഇവളുടെ മു ഖത്തിൽനിന്ന തന്നെ ഈ ... അറിയണം.

(പ്രകാശം) സഖേ! നിൻെറ വൃത്താന്തമെല്ലാം ഞാനറിയു ന്നുണ്ട.

കലാവതി— ... നാണല്ലോ. സ്ത്രീസമ്പ്രദായമെന്ന അറിയേണ്ട ... പറയും ചെയ്യും. ഞാൻ ഇപ്പോൾ ... ചിന്തയായിട്ടു ആ കച്ചവടക്കാരൻെറ ഗൃഹത്തിൽ നിന്ന പോന്ന ഇവിടെ വന്ന താമസിക്കയാണ.

വിടൻ— ഇതുതന്നെയാണല്ലോ വേശ്യാധർമ്മം.

● വിത്താപ്പിക്കൊരുവിത്തശാലിയെയവശത്താക്കിട്ടവൻവീട്ടില
ങ്ങൊത്തിത്തരെൻറപകിട്ടുകൊണ്ടവനോട മോദംവെളുത്തിപ്പുരം
നിത്യംതൻ ചിലവിന്നുവേണ്ടതഖിലംതൻ കുസ്സലാക്കിസ്സഭ
ത്തിൽചെന്നുസ്വഭാൽമികുമവൾതാൻ പിശാചത്തിൽപ്പേശ്യാം
[ഗനാ (൬൩)

(കാണാത്താന്ന ചിരിച്ചിട്ട)

● കള്ളമണിനുറു കാമികളുവാകട്ടെനിനക്കോരാത്രം
വള്ളത്തിനികടവിലെവള്ളുതെത്തരുമാവണിക്കിറംപ്രേമം (൬൪)

കലാവതി— ഞാനു വിശ്വാസത്തിന്നു പാത്രമാണെന്നു വിചാരി
ച്ചാണ ഇ രഹസ്യവഴ് മനം ഞാൻ പറഞ്ഞതു. പരിഹാ
സം മതിയാക്കുക. ഇതു കേട്ടിട്ടുവ്യസനിക്കുന്നതേ.

വിടൻ— മുഗ്ദ്ധേ ! എന്താണിങ്ങനെ സംശയിക്കുന്നതു. ഞങ്ങടെ
അപ്രകാരമുള്ളവരല്ല.

● എന്താണൊരാളുകടെസ്വരഹസ്യം വിശ്വസിച്ച
ങ്ങൊന്നുരഹസ്യം ചൊല്ലിനടക്കുമെന്നാൽ
ചോദിക്കില്ല പറഞ്ഞുനടക്കില്ലയെന്ന
ല്ലേതു മറക്കയുമില്ലതുമറ്റുള്ളോർ (൬൫)

കലാവതി— ഇതു ഞാനറിഞ്ഞിട്ടുള്ളതുതന്നെ.

വിടൻ— ഇനിക്കിപ്പോൾ താമസിക്കുവാൻ സമയമില്ല. ഞാൻ
പോകുന്നു.

കലാവതി— എന്നെക്കൂടി വിചാരിക്കണം.

വിടൻ— ഭവതിയെ ഒരു നാളും മറക്കുകയില്ല. (എന്നു പുറ
പ്പെട്ടു ചുററി നടന്നു നോക്കീട്ട)

● എന്തൊരാരുമൊടുപിന്നമാറ്റിയകെട്ടുംപൊടികളാൽമുഷി
ഞ്ഞൊരുമുണ്ടുകടവഴിയിലുടനൊപ്പം ചുററിയതിശത്തിനാൽ
ശീമതിശകലമാത്തവക്രമുത്തരതേടി കഷണിച്ചു
ണ്ടൊരു തോർത്തിഷ്ടവണ്ണനടപടിയെന്തിഹാവികൃതവേഷനായ്

(പിന്നെയും നോക്കീട്ട) ഇതു ശ്രോത്രിയശ്രേഷ്ഠനായ ഒരു മാതി
കൻ ഭാഗവതിസ്വാമിതന്നെയാണല്ലോ. ഇദ്ദേഹം യൌവനം
കേവലം തുടങ്ങിയവളായും ഇദ്ദേഹത്തിന്ന അശേഷം അനു
രൂപയും അനുകൂലയും, അല്ലാഭാഷവളായും അന്യനിൽ അനുഗ്ര
ഹത്തോട് കൂടിയവളായുമുള്ള പ്രൌഢനായതിയിൽ ആസക്തൻ

ചിത്തനായും ദ്രവ്യം സമ്പാദിക്കുവാൻ തന്നെ ഒരുങ്ങിയിരിക്കുന്ന അവളുടെ അമ്മയാൽ കയ്യാളപ്പെട്ടും ഒരിക്കൽപോലും അവളുടെ സ്പർശംകൂടി ലഭിക്കാതെയും ഈ വേശ്യാത്തെരുവിൽ അങ്ങോടിങ്ങോട്ട നടക്കുന്നു എന്നു കേൾക്കുന്നുണ്ട. അതിനാൽ നാഗരികവും രസികനും അല്ലാതെയുള്ള ഇദ്ദേഹത്തിനെ കാണാതെ തന്നെ പൊയ്ക്കളയാം. (കുറെ നടന്നു വിചാരിച്ചിട്ട) ഓ. ഇദ്ദേഹം അടുത്ത എന്റെ നേരെതന്നെ വരുന്നുണ്ടു. സംസാരിക്കാതെപോയാൽ അലൌകികമായിത്തീരും. അതിനാൽ സംസ്കൃതമായ വാക്കുകൊണ്ടു ബഹുമാനിച്ചേക്കാം. അതുകൊണ്ടെന്തു നഷ്ടമാണു വരുന്നത.

(അനന്തരം പലതിസ്വാമി പ്രവേശിക്കുന്നു)

വിടൻ— (കുറെ ഉച്ചത്തിൽ) അല്ലയോ അല്ലയോ!! ശ്രേഷ്ഠതേജസ്സോടുകൂടിയ പുതിയവസിഷ്ഠനായ ശ്രോത്രിയശ്രേഷ്ഠാ! ഭവാൻ എവിടെ നിന്നുവരുന്നു ?

പലതിസ്വാമി— പ്രസൂനവതീഗൃഹത്തിൽ നിന്നാണിപ്പോൾ.

വിടൻ— വല്ലഭയുടെ വാസസ്ഥലം വിട്ട ഈകാലത്തിൽ എവിടേക്കുപോകുന്നു ?

പലതിസ്വാമി— ഒരു വലിയ കാര്യവശാൽ ഭവാനെ കാണ്മാൻ വരികയാണ.

വിടൻ— എന്നാൽ ആ കാര്യം എന്താണ? പറയൂ.

പലതിസ്വാമി— ഈ വേശ്യാത്തെരുവിൽ പ്രസൂനവതി എന്ന പ്രസിദ്ധയായ ഒരു വൃഷലിയുണ്ട ഇനിക്ക അവളിൽ കാമം കലശലായിട്ട അവളുടെ—

വീട്ടിൽചെന്നുവിടേകതിയാൽശിഷ്യഗണംവേദംപഠിപ്പിച്ചുമേ
കിട്ടീട്ടുള്ളധനങ്ങളാൽജനനിയെപ്പൂജിക്കയാലൊട്ടവൾ
തുഷ്ട്യാതാനനുജനാൾസുതാസുരതകർമ്മത്തിന്നവന്നൊക്കവ
ള്ളിട്ടെന്നായ്പ്രണയാകലതാമിയലുന്നൊരനാക്ഷന്നിച്ചീടിനാൾ

വിടൻ— പിന്നെ. പിന്നെ.

പലതിസ്വാമി — അനന്തരം ഞാൻ സന്തോഷത്തോടുകൂടെ സംഭോഗസാധനങ്ങളേയും സമ്പാദിച്ച സന്ധ്യാവന്ദനാദി നിയമങ്ങളേയും കഴിച്ച സന്ധ്യ ആയപ്പോൾ തന്നെ അവളുടെ ഭവനത്തിൽ ചെന്നപ്പോൾ അതിനുമുമ്പിൽ തന്നെ വന്നവ

രം വിനയം അശേഷം ഇല്ലാത്തവനായ 'സുന്ദരകൻ' എന്ന ബ്രാഹ്മണാധമൻ ക്ഷണിക്കാതെ തന്നെ അവളോടു കൂടെ ശയ്യയിൽ കയറിക്കഴിഞ്ഞു. എന്നതിന്റെ ശേഷം ഞാൻ ചെന്നു കൂടിയപ്പോൾ തന്നെ അവളുടെ അമ്മ എന്നെ വിളിച്ചു സുന്ദരകനെ ശകാരിച്ചുംകൊണ്ടു ഇപ്പോൾ പോകണം എന്നും നാളെ വരണമെന്നും എന്നോടു അപേക്ഷിച്ചു. ഞാനിങ്ങോട്ടു പോരികയും ചെയ്തു.

വിടൻ— (വിചാരം) 'സന്ധ്യയായപ്പോൾ തന്നെ അവളുടെ ഭവനത്തിൽ ചെന്നു' എന്ന ഈ സാധുപറഞ്ഞതു സത്യം തന്നെയാണു. എന്നാൽ മൂത്ത കരടിയെപ്പോലെയുള്ള ആ വൃദ്ധയുടെ വഞ്ചനയിലുള്ള സാമർത്ഥ്യമാണിതെന്നു ഞാൻ വിചാരിക്കുന്നു. (പ്രകാശം) എന്നിട്ടോ.

ഖലതിസ്വാമി— എന്നിട്ടു പിറ്റേദിവസം കാര്യം തീർച്ചയായിട്ടും സാധിക്കും എന്നു നിശ്ചയിച്ചു അപ്രകാരം തന്നെ ഞാൻ ചെന്നു. അപ്രകാരം തന്നെ വൃദ്ധ പറഞ്ഞു. അങ്ങനെ തന്നെ ഞാനും പോന്നു. ഇങ്ങനെ മൂന്നാലു ദിവസങ്ങളല്ല മൂന്നു നാലു മാസങ്ങൾ കഴിഞ്ഞു.

വിടൻ— എന്നാൽ അത്ര പരിഭവിക്കാനില്ല. അതൊരു സംഭവങ്ങളായില്ലല്ലോ. (ആകാശത്തിൽ ലക്ഷ്യം വെച്ചിട്ടു) അല്ലയോ പ്രസൂനവതി മാതാവേ!

> പൂവമ്പമാൽകൊണ്ടുഴലുന്നമുഗ്ദ്ധാ
> തമാമമൊത്തുഴീസ്വരമൗലിതന്റെ
> സർവ്വസ്വവുംനീതാതകൈക്കലാക്കി
> ട്ടേവം ചതിക്കുന്നതുയുക്തമല്ല (ന. ൭)

ഖലതിസ്വാമി— ഭവാൻ പറയുന്നതു സത്യമാണു. ഈ ദിക്കിലുള്ള മാടമ്പികളീനന്മാർ ശ്രാദ്ധം മുതലായ കർമ്മങ്ങളിൽക്ഷണിച്ചുവരുത്തീട്ടുള്ളവരെ ഉപേക്ഷിച്ചിട്ടു ക്ഷണിച്ചിട്ടില്ലെങ്കിലും എന്നെത്തന്നെയാണു ഊട്ടുന്നതു. അപ്രകാരമിരിക്കുന്ന എന്നെ ഇങ്ങനെ ചതിച്ചുവെല്ലോ എന്നു വിചാരിച്ചിട്ടു ആ വൃദ്ധയെ കുറിച്ചു ഇനിക്കു അതി കലശലായ കോപമുണ്ടു.

വിടൻ— (വിചാരം) ആകട്ടെ ഇങ്ങിനെ ചോദിക്കട്ടെ. (പ്ര

കാശം) അപ്രകാരമെങ്കിലും അന്യോന്യം അവരെക്കുറിച്ചുള്ള അ
നുരാഗം കുറഞ്ഞതാ—

ഖലതിസ്വാമി— നിരാകരിക്കുന്തോറും വൎദ്ധിച്ചുവരുന്നതേയുള്ളു.

വിടൻ— എങ്കിൽ അങ്ങു കേൾക്കണം—

ആവാമാക്ഷിസഖീജനോപദേശാദാവോരമെമ്പോക്കിയാ
മാവിപ്രാധമനോടുനീസമവൂർക്കെന്നാകുവാനംബ്ബോ
അവ്യൊംഗനയുള്ളിലേവളരുവുപേക്ഷിപ്പാനകേശോസ്വാമി
നാവേച്ചുമണിതചെയ്യുവൻകള്ളകേടോവിതതകവ ...ൾ

ഖലതിസ്വാമി— ഭവാൻ നല്ലതുവരട്ടെ. എന്റെ ആഗ്രഹം സാധിച്ചതുപോലെയായി.

വിടൻ— എന്നാൽ അങ്ങു പൊയ്ക്കോളു.

ഖലതിസ്വാമി— അങ്ങനെതന്നെ. (എന്നു പോയി)

വിടൻ— ആവൂ ഇയ്യാൾ പോയല്ലോ. അമൃതുസേവിച്ചതിന്റെ ശേഷം കാടിയും കുടിച്ചു. (വിചാരിച്ചിട്ടു ചിരിച്ചുംകൊണ്ടു)

അല്പതാർശമതൊന്നിവിടുത്തുപേക്ഷിക്കുന്നതിനോടുനൽ
ചൊല്ലേറുന്നൊരുകാമിസത്ഭവമതിൽ ചെമ്മെപ്രയോഗങ്ങളാം
നല്ലോരിഷ്ടമെടുക്കയുംപൊട്ടുമൊടെടുഞ്ഞോരിഷ്ടനാരിലും
വല്ലാതെപ്രാപിച്ചിതനെപറ്റുതെതന്നെനശിപ്പിക്കൊല്ലാ (൩൩)

(എന്നു ചുറ്റിനടന്നു ഇടത്തുപുറത്തേക്കുനോക്കീട്ടു) ഹൈ ഇതു ആ കലാകൗമുദിയുടെ ഗൃഹമാണ്. അതിനാൽ അകത്തേക്കു കടക്കുകതന്നെ. (കടക്കുന്നതായി നടിച്ചിട്ടു) ആശ്ചൎയ്യം. ഇതാ കലാകൗമുദി, ഇടത്തെ കൈത്തണ്ടിന്മേൽ ഒരു ഓമനത്തൊങ്ങൽ തൂക്കിയിട്ടു മഞ്ഞൾ വാകപ്പൊടി മുതലായവ നിറഞ്ഞിരിക്കുന്ന ഒരു ചെമ്പുപാത്രം ഇടത്തെ കയ്യിലും എടുത്തു ആലക്കിയ ഒരു നേൎത്ത വസ്ത്രങ്ങൾ വലത്തെ കയ്യിലും എടുത്തുകൊണ്ടു പിന്തുടരുന്ന ഒരു ബാലയായ വേശ്യാകന്യകയോടും കൂടെ.

ഒട്ടുനൽത്തുടകൾകാൺകവേചെറിയചേലചുറ്റിട്ടുമെയ്യില
ഞൊട്ടുമാത്രമണിയില്ലയെങ്കിലുമതുല്യകാന്തിയതിയോടഹോ
പൊട്ടുമോതമൊട്ടമെണ്ണതേച്ചുമുടികെട്ടിവെച്ചിലനാകന്ദതൻ
വീട്ടിൽനിന്നുമകലത്തിലേക്കുവതപോയിട്ടുന്നിതുകുളിക്കുവാൻ

അതിനാൽ അകത്തേക്കു ചെല്ലുവാനുള്ള സമയമല്ലിതു. വേശ്യ

മാരുടെ ഓട്ടകൾ അവസരങ്ങളിൽ വേണമെല്ലോ ചെല്ലുവാൻ. (തിരിഞ്ഞു ചുററിനടന്നുംകൊണ്ടു മുമ്പിലേക്കു നോക്കീട്ടു)

ചോപ്പാൎന്നുല്ലംഘിതങ്ങളെല്ലാമവസനമുടുത്തും
വലങ്കയ്യിലേന്തി
കെല്പോടുദഗ്രാമയാംവാൾപുതിയമവസനം
വാമകക്ഷേ ധരിച്ചും
ക്രോധാമഷേത്തെക്കനാസ്സിൻകടുമയിളകിയും
വക്രഗത്യാനിരീക്ഷി
ക്കാതെതാൻപശ്ചാഗനാരെയുമമായവനിതാ
വേന്ദ്രടൻനേരത്തിടുന്നു (൩൨)

(വിചാരിച്ചിട്ടു) അഃ അറിഞ്ഞു. ഇവൻ, കലടയായ വെസ്യഭാഗിനിയിൽ ഏററവും പ്രണയം ഭേദമായി അവൾക്കായിട്ടു വളരെ ദ്രവ്യം കൊടുത്തു എങ്കിലും ഒരിക്കൽപോലും അനുഗ്രഹം സാധിക്കാതെ കാമക്രോധങ്ങളെക്കൊണ്ടു അന്ധമനസ്സായിട്ടു അവളെ തന്നെ അന്വേഷിച്ചുംകൊണ്ടു നടക്കുന്ന ഒരു പാരദേശികനാണ്. ആ കലടയുടെ സമ്പ്രദായം കേട്ടുവിന്റെ പോലെ ആൎക്കും അറിവാൻ പാടില്ലാത്തതാണ്. അതിനാൽ ഇവൻ എന്നെ കണ്ടുവെങ്കിൽ മനഃഖേദം ഇല്ലാത്ത തന്റെ കഥ കേൾപ്പിച്ചു എന്റെ യാത്രയ്ക്കു വിഘ്നമുണ്ടാക്കിത്തീൎക്കും. ഇതിനാൽ ഇവൻ പൊയ്ക്കഴിയുന്നതുവരെ ഈ കേസരവൃക്ഷത്തിന്റെ മറഞ്ഞു നിൽക്കണം. (എന്നു അപ്രകാരം നിന്നിട്ടു) ആഹാ ഇവൻ പോയി. അതിനാൽ ഞാനും പോകുന്നു. (എന്നു ചുററിനടന്നു അവന്റെ അവസ്ഥയെ കുറിച്ചു ആലോചിച്ചിട്ടു) കഷ്ടം ചില ദുർബുദ്ധികൾ—

ദാരിദ്ര്യാൽനിജമായദേശമതിൽനിന്നാശ്രുപുറപ്പെട്ടുടൻ
ദൂരത്തങ്ങൊരിടത്തുദീനതകലൎന്നൊത്തിപ്പിശാചുക്കൾപോൽ
പാരംവെന്തുകലൎന്നൊലിച്ചുപണിയാലുംമത്തമായ്ജന്മമു
വോരോതോന്ന്യവേശ്യകൾക്കാരവൈരുതേനൽകുന്നസമ്പത്തും ( )

(എന്നു ചുററിനടന്നു വലത്തുപുറത്തേക്കു നോക്കീട്ടു) ഇതാണ സംഗീതമഞ്ജരിയുടെ ഭവനം.

ഹസ്തേവീണയൊടൊത്തുംബൃഹന്മഹാശ്രീനാരദന്മാരുടേ
ചിത്രംമേനകരംഭയെന്നിവരുടേനൃത്തക്രിയാചിത്രവും
പാർത്തീടുന്നകടമ്പവൃക്ഷനികമേൽമാതംഗിതൻചിത്രവും
പാർത്താൽസ്പഷ്ടമവൾക്കെഴുംഗൃഹമിതെന്നോർത്തുന്നിതീഭ്രാസ്ഥലി

(പ്രവേശത്തെ നടിച്ചുകൊണ്ട മുമ്പിലേക്ക നോക്കീട്ടു കൌതുകത്തോടുകൂടെ) ആശ്ചര്യം ഇതാ സംഗീതമഞ്ജരി—

* വീണാവാദനയിലാടിടുംവിരൽക
ളിൽകലർന്നമണിമോതിര
ശ്രേണിതൻരുചികൾകൊണ്ടുമിന്നലുടെ
വിഭ്രമത്തെയുളവാക്കിയും
ചേണെഴുംമിഴികൾതെല്ലടച്ചുമുഖപാടി
യുഞ്ജനമിഴിക്കനി
ർവ്വാണമൻപൊടുവളർത്തിയുംവെതപുര
ത്തളത്തിൽമരുവുന്നിതെ (൩൯)

(അനന്തരം വീണവായിച്ചുംകൊണ്ട സംഗീതമഞ്ജരി പ്രവേശിക്കുന്നു)

വിടൻ— (ആഗ്രഹത്തോടുകൂടെ നോക്കീട്ട) ആശ്ചര്യം ഇവളുടെ ഇരിപ്പു അതി മനോഹരംതന്നെ—

പൂഞ്ചോലയൽക്കെട്ടഴിഞ്ഞിട്ടിളകുമളികളോടും
വലന്തോളിൽവീഴ
ന്നാഞ്ചൊതാടുന്നനൽകണ്ഠലമിളകിയുഴി
ഞ്ഞാലുപോൽകാതുരണ്ടും
ചെഞ്ചെമ്മെവീണതന്റെനടുവിലപരമാം
നൽച്ചുരക്കായപോൽശ്രീ
തഞ്ചുംകസ്തൂരിതേച്ചുള്ളിളയമുലയിടത്തെ
ശോഭിച്ചിടുന്നു (൪൦)

ആശ്ചര്യം— ഇവൾ എന്നെ കണ്ടിട്ട എഴുനീല്പാൻ ഭാവിക്കുന്നു— അതിനാൽ ഇങ്ങിനെ പറകതന്നെ— (പ്രകാശം) ഇപ്രകാരമുള്ളവരാരും എഴുനീററിട്ടാവശ്യമില്ല. വിദ്യാപ്രയോഗസമയത്തിൽ വിശേഷിച്ചും—

സംഗീതമഞ്ജരി— ഈ ആസനത്തിലിരിക്കു— (വിടൻ ഇരി

സംഗീതമഞ്ജരി— ഭവാനായിക്കൊണ്ട സ്വാഗതം. ഇന്ന ഇനിക്ക സുദിനമാണ.

വിടൻ— അല്ലയോ മധുരഭാഷിണി! ഇന്ന സുദിനമാണെന്ന ഞാൻ പറയേണ്ടതിനെ ഭവതി പറഞ്ഞുകളഞ്ഞുവല്ലൊ.

സംഗീതമഞ്ജരി— എന്നാൽ നമുക്ക രണ്ടാൾക്കും സുദിനം.

വിടൻ— അതി സമത്ഥയായുള്ളവളേ! ഇപ്പോൾ പറഞ്ഞതു ശരിയായി. ഭവതിക്കും ഭവതിയുടെ ഭത്താവായ ആ സുവൎണ്ണാവിനും സുഖമല്ലേ?

സംഗീതമഞ്ജരി— സുഖംതന്നെ.

വിടൻ— അയാൾ ഇപ്പോൾ എവിടെയാണ?

സംഗീതമഞ്ജരി— ഇപ്പോൾ അദ്ദേഹത്തിന്റെ ഗൃഹത്തിലാണ.

വിടൻ— മറെറാരു കശ്യപപ്രശ്നം എന്റെ നാവിൻതലയ്ക്കൽ ഇരിക്കുന്നു.

സംഗീതമഞ്ജരി— ചോദിച്ചോളു.

വിടൻ— ഭവതിക്കു ഏററവും പ്രിയനാം ജാമാതാവായ ആ സംഗീതകുപ്പിനും സുഖമല്ലേ?

സംഗീതമഞ്ജരി— ആ കാശപ്പുവിന്റെയും മുയൽക്കൊമ്പിന്റെയും കൂടപ്പിറപ്പായ ഈ വാൎത്ത എവിടെനിന്നുണ്ടായി?

വിടൻ— ഈ കഥ അംബികാ മനസ്സുവെങ്കിൽ ഞാൻ അറികതന്നെയുണ്ടായില്ല. വേറെ ഒന്ന ചോദിക്കാനുണ്ട താനും—

* നേരമ്പോക്കു പറഞ്ഞിരിക്കവതിനിക്കട്ടേ പരസ്ത്രീകൾതൻ
ചാരത്തും പുനരീവിധം കളിയതാകാമല്ലൊ ചെല്ലാകയാൽ
സൈരംഭിണ്ണിയിൽനിന്നമിന്ദുവദനേ കണ്ണാടിയിൽനിന്നവയ
ന്നോമൽസ്ത്രീതന്നധ്യാം സനിഷേവികൾ കാനന്ദമുണ്ടാക്കട്ടോ

സംഗീതമഞ്ജരി— ഭവാന്റെ ഇഷ്ടംപോലെയാകാം. എന്നു തന്നെയുമല്ല, സകല വിദ്യകളിലും സമത്ഥന്മാരായ ഭവാദൃശന്മാരുടെ മുമ്പിൽ പ്രയോഗിച്ചു വിദ്യയെ പരിശോധിക്കേണ്ടതുമാണല്ലൊ. സ്വൎണ്ണത്തിനു വൈകല്യം ഉണ്ടോ ഇല്ലയോ എന്ന അഗ്നിയിലല്ലൊ പരീക്ഷിക്കേണ്ടതു.

വിടൻ— അല്ലയോ ചാടുഭാഷിണി! കേൾക്കാനുള്ള ആഗ്രഹം കൊണ്ട ഇതും സമ്മതിച്ചേക്കാം. (സംഗീതമഞ്ജരി വീണവായിച്ചുംകൊണ്ട പാടുന്നു)

വിടൻ— (വീണാസ്വനത്തോടു ചേൎന്ന പാട്ടുകേട്ടുംകൊണ്ടു വിചാരം) വീണാസ്വരത്തിന്റേയും കണ്ഠസ്വരത്തിന്റേയും ഒത്തുചേൎച്ച ആശ്ചൎയ്യം. സ്വരങ്ങളുടെ ഒരു വ്യക്തത ആശ്ചൎയ്യം. താളത്തിങ്കലുള്ള ഒരു സാമൎത്ഥ്യം ആശ്ചൎയ്യം.

* സൌന്ദൎയ്യംപെരുമാറ്റമീ [illegible] ത്തുൽകൃഷ്ടമിച്ചിത്രതാ
നെന്നീവണ്ണമൊരോന്നു [illegible] ള്ളിച്ചിരിക്കുന്നാകയാൽ
[illegible] ചാപിയുംനൽ [illegible]
വന്നൊക്കെയുമീവേളനല്ല [illegible] ലേക്കു ഞാൻ

(പ്രകാശം) അഹോ! ഇവരിൽ ഈ വീണ വായിക്കയും പാടുകയും ചെയ്യുന്നതുകൊണ്ടു ഏറ്റവും ശോഭിച്ചിരിക്കുന്നതായി തോന്നുന്നു. എന്തെന്നാൽ,

* വെള്ളിത്തളികകൊണ്ടു [illegible]
[illegible]
[illegible]
[illegible]
ചൊല്ലുന്ന [illegible]
[illegible]
കെല്പിൽ [illegible]
ലേറുന്നിതെന്നുമിവൾ (൪൨)

സംഗീതമഞ്ജരി— എന്റെ പാട്ടിനെ [illegible] എന്തുപറയുന്നു.

വിടൻ— എന്നാൽ ഇപ്പോൾ മതിയാക്കുക. സമയോചിതമായ ഇതിനെക്കുറിച്ചു ഞാൻ അപേക്ഷിക്കുന്നു.

* ബാലേ! [illegible]
[illegible]
കാലംവന്നിട്ട [illegible]
[illegible] ചൊല്ലുന്നതെന്തിന്നു ഞാൻ ( )

സംഗീതമഞ്ജരി— ഇത അനുഗ്രഹമെന്ന പേരായ അപേക്ഷയാണല്ലോ ഞാൻ അസ്വാധീനയല്ല.

വിടൻ— അഹോ! പരമാനന്ദത്തിന്റെ കലശൽകൊണ്ടു സമയം പോയതറിഞ്ഞില്ല. ഭവതിയുടെ സ്നാനസമയം അതിക്രമിക്കുന്നു. എന്തെന്നാൽ,

● ചേടീവൃന്ദം ജലത്തിന്നായി ചെഴകിൽവച്ചിട്ടുനൽചെമ്പുപാത്രം
കൂടാറീട്ടുന്നതുമൃദേറാവു പാലിനന്നല്ലോ ശുക്ലഭാവത്താൽ കഷായം
ഇടേറുംസ്വപ്നപാത്രേ ചിലമണെഴുമെന്നുനൂനംകൊണ്ടുകാള
ത്തോടുംകോത്തങ്ങാനിൽക്കന്നിട്ടുകൂടി പതഴിച്ചീടുവാനിപ്പോഴി ()

അതിനാൽ ഞാനിപ്പോൾ പോകട്ടെ—

സംഗീതമഞ്ജരി— പ്രച്ഛന്നമായതേ—

വിടൻ— ഇനി അല്പമെങ്കിലും ചൈതന്യമുണ്ടെങ്കിൽ ഞാൻ നാളെ പ്രഭാതത്തിൽ വരാതിരിക്കയില്ല. (എന്നു പുറപ്പെട്ടു ചുറ്റി നടന്നുംകൊണ്ടു മുകളിലേക്കു നോക്കീട്ടു) ഇപ്പോഴും മദ്ധ്യാഹ്നസമയം അടുത്തിരിക്കുന്നു. എന്തെന്നാൽ,

● പാതെല്ലാം [illegible]
[illegible]
[illegible]കളാൽ
[illegible]
പാരംപോയിട്ടു [illegible]
[illegible]
[illegible]
[illegible] (൪൨)

(വിചാരിച്ചിട്ടു) ഈ മദ്ധ്യാഹ്നസമയം അതിദുസ്സഹമാണെങ്കിലും ചിലർക്ക് പരമാനന്ദമായി ഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ,

● മേലെല്ലാം [illegible]
[illegible]
[illegible]
[illegible] ചിലർ (൪൩)

അത്രതന്നെയുമല്ല,

● പ്രാണ[illegible]
[illegible]
[illegible]
[illegible]

ക്ഷീണനാകിയബിസനെന്നെച്ചുബതകൊ
കിലമൊടുകൊടുത്തൊപ്പ്
ബാണലീലയതിനാൽതളൎന്നിജകര
ന്തമെയാത്തുമതവൃന്ദിതാ (൭൧)

അതിനാൽ അതിദുസ്സഹമായ വെയിലോടുകൂടിയ ഈ സമയം എവിടെ ആണ കഴിച്ചുകൂട്ടേണ്ടതു. (മുമ്പിലേക്കു നോക്കീട്ടു സന്തോഷത്തോടുകൂടെ)

● ക്ഷീണിക്കംപോന്നൊരെത്താൻകിളികിലയിതി
വൻകാററിലാടുംദലൌഘ
സംഭാനത്താലെവിളിക്കംവിധമിതയിലസ്സ
ന്നുകനരൊതവൃക്ഷം
ചേണാൎന്നീടുന്നിതിൻകീഴ്പടവുചുഴലവും
കല്ലുകൊണ്ടുകെട്ടി
ക്കാണുന്നുനിമ്മലാംഭസ്സുനിറയെയെഴും
വാപിയുംശോഭയോടെ (൭൨)

അതിനാൽ ഞാൻ സമീപസ്ഥമായ ഈ കുളത്തിലേക്കു അടുത്തു ചെല്ലട്ടെ (എന്നു ചെന്നു ആശ്ചയിച്ചുംകൊണ്ടു നോക്കീട്ടു) വെള്ളത്തിന്റെ അടിയിൽ ഇതെന്താണ കാണപ്പെടുന്നതു. (സൂക്ഷിച്ചു നോക്കീട്ടു) വളരെ ശോഭയോടുകൂടിയ രത്നം പതിച്ചതായുള്ള ഒരു മോതിരം, ഏതാവും ദുൎമ്മഗനാണെങ്കിലും വെയിലിന്റെ ആധിക്യംകൊണ്ടും വെള്ളത്തിന്റെ നൈൎമ്മല്യംകൊണ്ടും ഇപ്പോൾ കൈകൊണ്ടു എടുക്കാമെന്നു തോന്നത്തക്കവിധത്തിൽ കിടക്കുന്നതു നല്ലവണ്ണം കാണപ്പെടുന്നു. (വിചാരിച്ചിട്ടു) ഇതു ആരോ ഒരാളുടെ ഒരു അനവധാനത്തിൽ കൈവിരലിൽനിന്നു ഊരിപ്പോയതായിരിക്കണം. ആകട്ടെ ഇതു പരോപകാരത്തിനായി തീരുന്നതാകയാൽ 'പരദ്രവ്യാണി ലോഷ്ടുവൽ' എന്നുള്ള പ്രമാണത്തെ അനുസരിച്ചിട്ടു ഇതിനെ എടുക്കുവാനായി പ്രയത്നം ചെയ്യുകതന്നെ.

എന്നു സാവധാനത്തിൽ വടി വെള്ളത്തിലേക്കിട്ടു അതിന്റെ അഗ്രത്തിൽ മോതിരം കുത്തിക്കോൎത്തു പൊക്കി മോതിരം കയ്യിലെടുത്തു നോക്കീട്ടു) രത്നത്തിനു വളരെ ശോഭയുള്ളതിനാൽ വളരെ വിലയുള്ളതാണെന്നും വട്ടം അധികമില്ലായ്കയാൽ

സ്ത്രീയുടെ വിരലിൽ ഇടുന്നതാണെന്നും തോന്നുന്നു. (ഭൂമി യെ നടിച്ചിട്ട) ഇത കൌമുദിയുടെ ശണിചിമലിൽ കിടക്കുന്നത ഒരിക്കൽ കണ്ടിട്ടുണ്ടു. അവളുടെ ഭവനം ഇവിടെ അടുക്കലാണെന്നാണും അതിനാൽ ഇപ്പോൾ മദ്ധ്യാഹ്നസമയം കഴിച്ചുകൂട്ടുവാനെന്നുള്ള വ്യാജേന അവളുടെ ഗൃഹത്തിൽ ചെന്ന ഈ മോതിരത്തിന്റെ വൃത്താന്തമറിയണം. അവളുടേതാണെന്നു വരികിൽ അവൾക്കതന്നെ കൊടുത്തിട്ട മഹോപകരമാകുന്ന ചങ്ങലകൊണ്ടു കെട്ടി അവളുടെ ഹൃദയഗജത്തിനെ ഞാൻ വശീകരിക്കുന്നുണ്ടു. (എന്നു മോതിരം മുണ്ടിനുള്ളിൽ മറച്ചുവെച്ചും കൊണ്ടു ചുററിനടന്നു പ്രവേശത്തെ നടിച്ചു നോക്കീട്ട) ആശ്ചര്യം. ഇതാ കൌമുദികാ,

ദീൎഘശ്വാസാൽവരണ്ടുള്ളധരമൊടുമിട
    കൈത്തലേവച്ചവക്ത്രം
വാൎന്നുംകണ്ണീരിനാൽകണ്ണിണയതിൽമഷിമാ
    ഞ്ഞങ്ങനേകീഴിൽനോക്കി
നൽകേശംകെട്ടഴിഞ്ഞങ്ങനെപതിയവെ
    വാഴുന്നതൂമംനിലത്ത
ഞാൻകാമവിൽതിങ്ങിവിങ്ങുംവ്യസനമഥനനാൽ
    തപ്തയായെന്നവണ്ണം (൩൯)

(അനന്തരം മേല്പറഞ്ഞതുപോലെ കൌമുദിക പ്രവേശിക്കുന്നു)

വിടൻ— (അടുത്തുചെന്നിട്ട വിചാരം) അഹോ ഇവളുടെ മനസ്സിന്റെ വ്യാകുലത വളരെ വലിയതുതന്നെ. എന്തെന്നാൽ അടുക്കൽ നില്ക്കുന്ന എന്നെക്കൂടെ ഇവൾ അറിയുന്നില്ലല്ലൊ. (പ്രകാശം) അല്ലയൊ തരുണന്മാരുടെ മനസ്സാകുന്ന കുമുദത്തിനു കൌമുദികയായ കൌമുദികേ! ഭവതി എന്താണിങ്ങനെ കത്തിയുണക്കിയ പാവയെപ്പോലെ ഇരിക്കുന്നത.

കൌമുദിക— ഹെ ആൎയ്യനോ ഈ ആസനത്തിലിരിക്കു.

വിടൻ— (ഇരുന്നിട്ട) എന്റെ ചോദ്യത്തിനുത്തരം പറഞ്ഞില്ലല്ലൊ. എന്തുകാരണത്താലാണ ഭവതി ഇങ്ങിനെ ദുഃഖിച്ചിരുന്നുംകൊണ്ടു ബന്ധുജനങ്ങളുടെ മനസ്സിൽ സന്താപത്തെ വളൎത്തുന്നത? അതുപറയു.

കൌമുദിക— ഒരു വലിയ തലവേദനകൊണ്ടാണ ഞാൻ ആകുലയായിരിക്കുന്നത

വിടൻ— (ചിരിച്ചുംകൊണ്ട)

ഓമല്ലുംകലയാറ്റചന്ദനരസംഹേമാലത്തിലില്ലക്കുച
ന്യേരെയൊഴിച്ചിട്ടക്കവേറ്റശയിക്കുന്നില്ലനിശയ്യയിൽ
ഖേദമേശയതാഷ്ണായികതന്നെനിയതംചൊല്ലു നണിമോയ്യുന്നതാൻ
കാമംപോട്ടിയതാല്വപുസ്സുതെളിയിക്കുന്നതെന്താണിതേ പിലയേ

കൌമുദിക— മറ്റൊരുപ്രകാരത്തിലും വിചാരിക്കേണ്ട.

വിടൻ— എന്നാൽ കുറഞ്ഞൊന്ന ചികിത്സ ചെയ്യേണ്ടതാണല്ലൊ.

കൌമുദിക— ഈ വ്യാധിക്ക ചികിത്സയില്ല.

വിടൻ— ഇങ്ങിനെ ഉള്ള വ്യാധികളെ ഇനിക്ക ചികിത്സിക്കുവാൻ വഹിയായെന്ന വരികയില്ല. അതിനാൽ ഇതിന്റെ കാരണത്തെ പറയു.

(വിചാരം) ഇവൾ വിചാരിച്ചും കൊണ്ട നെടുവീർപ്പിടുന്നു. അതിനാൽ തന്റെ അവസ്ഥയെ പറയാതിരിക്കയില്ല. (പ്രകാശം) അല്ലയോ ഭദ്രേ ! എന്നെക്കുറിച്ച സംശയിക്കേണ്ട.

കൌമുദിക— അങ്ങു വിശ്വാസ്യൻ തന്നെയാണ ശങ്കിക്കുന്നില്ല. അപ്രകാരമെങ്കിലും ലജ്ജയോടുകൂടിയ വലിയ ദുഃഖത്താൽ പരവശയായിട്ട പറവാൻ ഞാൻ ശക്തയാകുന്നില്ല.

വിടൻ— ദുഃഖത്തെ ബന്ധുക്കളോടുകൂടെ വിചാരിച്ചാൽ അല്പം ഭേദമുണ്ടാകുമല്ലൊ. അതുകൊണ്ട സംശയം കൂടാതെ പറയു.

കൌമുദിക— പറയാം.

വിടൻ— ഞാൻ അവധാനനായിരിക്കുന്നു.

കൌമുദിക— എന്റെ സഖിയായ ശ്രീലേഖയെ ഭവാൻ അറികയില്ലെ ?

വിടൻ— മഹാത്മാവായ ശ്രീലേഖയെ ആരാണ അറിയാത്തത ? പിന്നെ— പിന്നെ—

കൌമുദിക—വളരെ സ്നേഹത്തോടുകൂടിയിരുന്നതിനാൽ ഞങ്ങൾ രണ്ടുപേരും വിവാഹകാലത്തു തന്നെ വിലതീരാത്തതും ശ്രീലേഖയോടുകൂടി നമുക്കായ ഒരു രത്നം പതിച്ച മോതിരം ഇനിക്ക തന്നിട്ടുണ്ടാ

ഥിക്കുന്നു. ഞാൻ എല്ലാസമയത്തും വിരലിൽ ഇട്ടുകൊണ്ടിരുന്ന ഒരു ഇന്നലെ രാത്രിയിൽ എന്റെ അസാവധാനത്വംകൊണ്ടു കളഞ്ഞുപോയി. അതുകൊണ്ടിനി അച്ഛനും അമ്മയും എന്തുപറയും ജനങ്ങൾ എന്തുപറയും ബന്ധുക്കൾ എന്തുവിചാരിക്കും എന്നതൊന്നുമല്ല, വിവാഹം മുതൽ അതിസ്നേഹത്തോടുകൂടിയവനും മദാലസനായവനും മഹോപകാരിയുമായ ഭർത്താവെന്തുവിചാരിക്കും ഇങ്ങിനെ പലവിധത്തിലുള്ള വിചാരങ്ങളോടുകൂടിയ വലിയ ദുഃഖംകൊണ്ടു എന്റെ മനസ്സു ദഹിക്കുന്നു.

വിടൻ— മോതിരം നഷ്ടപ്പെട്ടതോ അതോ കളഞ്ഞുപോയതോ?

കൌമുദിക— ഒന്നുംതന്നെ ഞാൻ അറിയുന്നില്ല.

വിടൻ— (വിചാരം) സാരമില്ല— വിചാരിച്ചതുപോലെ തന്നെ സംഭവിച്ചു. ഈ മോതിരം ഇവളുടേതന്നെയാണ നിശ്ചയം. (പ്രകാശം വചനം നോക്കീട്ടു സന്തോഷത്തോടുകൂടി) കിട്ടുമെന്നു തന്നെയാണു തോന്നുന്നത.

കൌമുദിക— അപ്രകാരമുള്ള ഭാഗ്യം ഇനിയും എവിടെ ഉണ്ടാകുന്നു.

വിടൻ— എല്ലാ ദിക്കിലും അന്വേഷിച്ചുവോ ?

കൌമുദിക— കിടക്കയുടെ ചോട്ടിലും അതുകൊണ്ടാൻ ചോട്ടിലും
കിടക്കമേൽ കുരുത്തൊരു മെത്തപ്പുറത്തും
ഇടനാഴിയിലുമിങ്ങുമെല്ലാം ഭാഗ്യങ്ങളും
കിടങ്ങളിലും പരതിനോക്കി ഞാൻതന്നെ കേട്ടോ

വിടൻ— ഊഹിപ്പാൻ വഴിയില്ലാത്ത സ്ഥലങ്ങളിലും അന്വേഷിക്കേണ്ടതാണ. കണ്ടുപോയാൽ കടലിലും നോക്കണം എന്നാണല്ലോ ജനങ്ങൾ പറയുന്നത.

കൌമുദിക— മതിമതിയിങ്ങനെ ചാതുരി
തെളിവൊടിയിപ്പോൾ മനതാരിൽ
അതിനിപ്പിഴയില്ലിട്ടാൽ
ഗതമാമെൻ ഭാഗ്യമതൊക്കെയും (൩.)

വിടൻ— അയ്യോ കഷ്ടം! ഇങ്ങിനെ പറയരുത. നിരാശപ്പെടാതിരുന്നാൽ കിട്ടും.

കൌമുദിക— ഞാൻ എങ്ങിനെ നിരാശപ്പെടാതിരിക്കുന്നു.

വിടൻ— അല്ലയോ സുന്ദരി! നിനക്കു മറെറാരു കാൎയ്യം ചോദിക്കുവാനുണ്ട്.

കൗമുദിക— ചോദിക്കാമല്ലൊ.

വിടൻ— ഇന്നലെ രാത്രിയിൽ ഏതു സുകൃതിയാണ ഭവതിയുടെ ഈ നല്ലയൌവനത്തെ അനുഭവിച്ചത?

കൗമുദിക— ശ്രോത്രിയൻതന്നെയാണ. മററാരുമല്ല.

വിടൻ— ഭേഷ്! പരമാൎത്ഥം പറയു. ഏററവുമുള്ള പരിചയംകൊണ്ടു കാമം കരഞ്ഞിരിക്കുന്ന ശ്രോത്രിയല്ലെന്ന നിന്റെ ഈ ശരീരലക്ഷ്യംതന്നെ പറയുന്നുണ്ടല്ലൊ. എന്തെന്നാൽ—

മത്തനാംകരിവരന്റദന്താഗ്രങ്ങൾകൊണ്ടു പിച്ചിയവല്ലി
ഭൃത്തിനോടുമഴമതസൌരഭ്യമൊത്തിട്ടുകൂർക്കുമൊരുകരിം
തത്തകൊത്തിയതായതൊണ്ടിപ്പഴത്തിനുള്ള [illegible] പരമ
സത്തിനെത്തുമവഹിച്ചിട്ടുന്നു ശരീരിനിന്നാധരംപല്ലവപ്രവിലാ

അതുകൊണ്ടു സത്യംതന്നെ പറയണം. എന്നാൽ നിന്റെ മനോരഥത്തെ ഞാൻ കളയാം.

കൗമുദിക— ശ്രോത്രി കോപിഷ്ഠനാണെന്നു വിചാരിച്ചാണ മറക്കുന്നത.

വിടൻ— സാധു! ഞാൻ ശ്രോത്രിയല്ല- ഉണ്ടായതു പറയു.

കൗമുദിക—മുമ്പിൽതന്നെ പരിചയിച്ചിട്ടുള്ളവനും വളരെ നാളായി പിരിഞ്ഞിരുന്നിട്ടു പിന്നെ വന്നവനും ഒരു കച്ചവടക്കാരന്റെ മകനുമായ 'കല്യാണഗുപ്തൻ' എന്ന ആളോടുംകൂടെയാണ ഇന്നലെ രാത്രിമുഴുവൻ ഞാൻ കഴിച്ചത.

വിടൻ— (ചിരിച്ചുംകൊണ്ടു) എന്നാൽ അയാളെ മോഷ്ടിച്ചിരിക്കുമോ?

കൗമുദിക— അയ്യോ അങ്ങിനെ പറയരുതേ. അദ്ദേഹം അപ്രകാരമുള്ള ആളല്ല.

വിടൻ—രാത്രിയിലുണ്ടായവൃത്താന്തമൊക്കെയും സംശയംകൂടാതെ പറയു. അതുകൊണ്ടു കാൎയ്യമുണ്ടാകും.

കൗമുദിക— അങ്ങു മറെറാരാളല്ലല്ലൊ എന്നു വിചാരിച്ചാണ അറിയിക്കുന്നത. സന്ധ്യാസമയത്തിൽതന്നെ വന്ന ആ കല്യാണഗുപ്തനോടുംകൂടെ ഞാൻ ക്രീഡാഗൃഹത്തിൽ പോയി. എന്നിട്ടു രഹസ്യസല്ലാപം മുതലായതുകളെക്കൊണ്ടു കുറെനേരമ

ഇങ്ങനെ കഴിഞ്ഞു പിന്നെ അത്യാനന്ദത്തെ ജനിപ്പിക്കുന്ന ക ളിനോത്സവവും അങ്ങനെ കഴിഞ്ഞതിന്റെ ശേഷം—

* മാലേയക്കുറിതെക്കുവിനൊത്തുവല്ലഭസ്വേ
ദാംബുബിന്ദുകദംബൻ
ജാലത്താൽപ്പുതുമൈനിറഞ്ഞുസുരതം
കൊണ്ടേറെമുണ്ടായിട്ടും
ആലസ്യംകളയുന്നതിനുകുതുകത്താൽ
ഞാങ്ങൾചെന്നതിനാൽ
മാലിന്യംകലരാത്തവെള്ളമെഴുമിക്കാണാം
കുളത്തിൽക്ഷണാൽ (൨൮)

അനന്തരം സഖിമാരോടുകൂടെയുള്ള ജലക്രീഡ ഹേതുവായി ഞങ്ങൾക്കപ്പിന്നെയും കാമവേദിപ്പിട്ടു......ഇതിന്മേലുണ്ടായവൃത്താന്തം ലജ്ജാവേശം ഹേതുവായിട്ടു പറവാൻ ഞാൻ ശക്തയാകുന്നില്ല.

വിടൻ— (വിചാരം) ഈ പൊയ്കയിലാണ മോതിരം പോയതു നിശ്ചയം. (പ്രകാശം) ഭവതി പറയുന്നതു സത്യമാണ. അതിനാൽ ഞാൻ അധികം നിർബന്ധിക്കുന്നില്ല. നിങ്ങൾ പിന്നെ എപ്പോഴാണ ഗൃഹത്തിലേക്കു പോന്നതു?

കൌമുദിക— ഇതാ പറയാം. ഏകദേശം ഒരു പത്തുപതിനഞ്ചുനാഴിക വെളുപ്പാനുള്ളപ്പോൾ ആ കുളത്തിൽനിന്നു കയറി ഗൃഹത്തിൽ വന്നിട്ടു—

വടിവിൽമുലകൾ നന്നായ്ക്കുത്തുകെട്ടിപ്പുണർന്നും
തുടകൾപരമിണക്കിത്തൊണ്ടയിൽച്ചുംബനന്നും
സ്ഫുടരസബഹുസംഭോഗത്തിനാൽക്കൈതളർന്നാൽ
കിടന്നുവുമറക്കിനിദ്രയെസ്സേവചെയ്താർ (൨൯)

അനന്തരം ഉടനെതന്നെ കർണ്ണദുസ്സഹമായ കുക്കുടശബ്ദവും കേട്ടു.

വിടൻ— അല്ലയോ ഭദ്രേ! നിന്റെ തലവേദനയുടെ കാരണം ഒട്ടുകേട്ടുവല്ലോ. അതിനാൽ ഇപ്പോൾ ഒരു സിദ്ധൌഷധം കൊണ്ടു ഞാൻ ചികിത്സിക്കുവാൻ തുടങ്ങുന്നു. (എന്നു മുണ്ടിന്റെ ഉള്ളിൽനിന്നു മോതിരം എടുത്തിട്ടു തന്റെ കൈകൊ

ത്ത് *

ന്റെ കൌമുദികയുടെ കൈപിടിച്ചു അതിനെ അണിവിരലിൽ ഇടുവിച്ചുംകൊണ്ട)

* കാന്തന്തൊഴുകാലംപിരിഞ്ഞതെങ്ങുപാരം
പരംജാതമായ്പിന്നംപോയിപുണ്യം
ചെയ്താളഞ്ഞാരീമോതിരത്തിന്നിദാനീം
തരത്തിൽപെടത്തേന്മൽച്ചേർച്ചവീണ്ടും (൫൩)

മാത്രമെന്നുമല്ല,

* അതന്നപെരുമ്പറമ്പ്രണെഴുംപേലവംനിൻ
വിരലിന്മണിമഞ്ചമോതിരംതാട്ടേചന്ന
വിരവൊടുകവരന്നേകാണികൾക്കെല്ലാമുൾക്കാ
നവരിയമലരൊടൊക്കവെല്ലിതൻപല്ലവംപോൽ (൫൪)

(വിചാരം) ഹേ!- ഇവളുടെ മനസ്സിലെ സന്തോഷം മുഖത്തു പ്രകാശിക്കുന്നു- എങ്ങിനെയെന്നാൽ-

* വടിവോടുവിരിഞ്ഞിടുന്നംഗണേയം
വിടന്നിതമൊഴിതന്റെകണ്ണന്റെ
സ്ഫുടമായിതുകാൺമാനാവെകുമിൾക്കുന്നർ
ഇടഞ്ഞേമ്പലിലുകന്നതല്പുചന്ദ്രം (൫൫)

കൌമുദിക - * അനവദ്യമാഗിപനാരിൽമൊഴിനായി
ജനനമല്ലനന്തമിനിക്കൊമകരമായമെതിനെ
ധനമേകിയുംമുമനന്തനമാന
തിനനംചന്നപോലെഴികിലാദരിച്ചിട്ടും (൫൬)

അഥവാ— * ചൊവ്വേട്ടിരിൽപകരമായുപകാരമൊന്നും
ചെയ്യാപിയ്യുവുനെന്തിപൃകിത്രമാത്രം
ആവാകിനിഇതെചയ്തിട്ടവൻകൃപയ്ക്കു
ഇളവാനനിൻകഗോമരമൌവനക്കേമം (൫൭)

വിടൻ— ഇനി ഇവിൽ പാരമായിട്ടെന്താണു പ്രത്യുപകാരമുള്ളതു?

* അല്പപുണ്യവലഭിക്കിലുകേൾ
കെല്ലു. നാമകടാക്ഷമുംതാവ
അല്പ്പാളിപ്രണയമാനംചെയ്യുകെ
നല്ലലക്ഷ്മിയുമെച്ചിട്ടേണമോ (൫൮)

(വിചാരം) ഹേ! മദ്ധ്യാഹ്നയാപന ഫലിച്ചു. വെയിലും കുറഞ്ഞു വന്നു തുടങ്ങി. അപ്രകാരംതന്നെ ഇപ്പോൾ—

• തിന്നിട്ടപ്പുകലുണ്ണുംമഴകറുംകുന്നതമാമോട്ടുടൻ
ചേർന്നൊരംമന്നമാന്നച്ചുതമലരിൽകൈപ്പോടടിച്ചിങ്ങിനെ
വന്നീടുന്നൊരുകാററുമേററുസുഖസൌന്ദര്യങ്ങളാലുജ്ജ്വലായ്
കന്നിക്കുന്നൊരുമൊട്ടമാരമൊടിതാനീട്ടുന്നുകാഞ്ചിദ്രുമം (൩൨)

അതിനാൽ ഇപ്പോൾ പുറപ്പെടുവാനുള്ള സമയമായി. (പ്രകാശം) ഭദ്രേ! ഒരു വലിയ ബന്ധുകാര്യത്താൽ പരാധീനനായ ഞാൻ പോകുവാൻ ആഗ്രഹിക്കുന്നു.

കൌമുദിക— ഈ മോതിരം കിട്ടിയ കഥയെ ഞാൻ അറിവാൻ ആഗ്രഹിക്കുന്നു.

വിടൻ— ഇപ്പോൾ സമയം പോകുന്നു. ഈ വൃത്താന്തം വിസ്തരിച്ചു പറയേണ്ടതാണുതാനും. അതുകൊണ്ടു നാളെ വന്നിട്ടു ഞാനിതുപോലെയൊക്കെ പറയാം.

കൌമുദിക— ഭവാന്റെ ഇഷ്ടംപോലെയാകട്ടെ. എങ്കിലും ഇത്രമാത്രം ഞാനപേക്ഷിക്കുന്നു. അനന്യശരണയായ എന്റെ ഈ കടം വീട്ടുന്നതിനായി താമസിയാതെ വന്നു അനുഗ്രഹിക്കണം.

വിടൻ— എന്താണു സംശയം. എന്നാൽ പോകട്ടെ (എന്നു പുറപ്പെട്ടു ചുററി നടന്നു ഇടത്തുഭാഗത്തേക്കു നോക്കീട്ടു) ആശ്ചര്യം ഇത്ര നേരവും പരമാനന്ദം അനുഭവിച്ച കണ്ണുകൾക്കു കഷ്ടതയായ അവസ്ഥ വന്നുകൂടിയല്ലോ. എന്തെന്നാൽ,

• പാരംപൊണ്ണുപിടിച്ചുപാണ്ഡ്യംപോലെതൊട്ടുമഗ്രംനര
ച്ചോരക്കേശമൊടുംകഴുത്തതിലെഴുംതാമ്പൂലചർമ്മത്തൊടും
കൈപ്പാരംഹന്തതന്നിക്കചേർന്നൊരവളോടൊത്താമോനരച്ചങ്ങിനേ
പോരാൽചോട്ടിലിരുന്നിട്ടുന്നൊരവനൊററക്കണ്ണനോറതൊടും

(പിന്നെ അവളെ നോക്കീട്ടു)

• മന്തഴന്നചമണങ്ങൾക്കുംമെത്തുപോലെകമ്പവുമുത്തുങ്ഗഹാ
ഹന്തമൈകകമലമന്വല്ലകളുയർന്നുറ്റുപൊങ്ങിത്തഹോ
വൻതലംഹന്തവിലാളക്കുല്യനയനങ്ങൾംവിസ്തൃതലപാടമ [ല്പം
ക്കുന്നതൽചെമ്പുനിറമിങ്ങിനേക്ഷിതിയിലില്ലമറൊരുത്തനാംഗി

അതിനാൽ വേപ്പുമരത്തോടും പടവലവള്ളിയോടും സദൃശന്മാ-

യ ഇവർ ആരാണ ? (വിചാരിച്ചിട്ട) ആഃ അറിഞ്ഞു. വര സേനന്റെ കളത്രമാസിയുമാണ. ഇവർ അമംഗളദർശനന്മാരാകയാൽ ഇവരെ കാണകൂടി ചെയ്യാതെ പൊയ്ക്കളയാം. (പുറിന്നടന്നംകൊണ്ട വലത്തുപുറത്തേക്കുനോക്കീട്ട) ഹൈ ഇതാ ഉദാരമഞ്ജരിയുടെ ഗൃഹം. അതിനാൽ ഇവിടെച്ചെന്ന കുറെ വിശ്രമിച്ചിട്ട പോകാം. (പ്രവേശത്തെ നടിച്ചിട്ട) ഹൈ ഇവിടെ വാതിലടച്ചു സാക്ഷയിട്ടിരിക്കുന്നു. അതിനാൽ അവൾ ഇവിടെ ഉണ്ടോ ഇല്ലയോ എന്ന ക്ഷണനേരം നിന്ന അറികതന്നെ. (എന്ന അപ്രകാരം ചെയ്തു ചെവിയോർത്തിട്ട)

അതിസൂക്ഷ്മമായശനമല്ലൂഴിതവം
മതിസുഖിതത്തൊടിഹ കേൾപ്പതുണ്ടമേ
അതുമൂലമിന്നിവിടെയുണ്ടു മീച്ചയാ
ണതിഗൂഢമായസുരതോത്സവമെന്നാൽ (ന്ത)

എന്നാൽ ജാരനായിട്ടുള്ളവൻ പിന്നെ ആരാണെന്നറിയുന്നില്ല. അതിനാൽ ഇപ്പോൾ എന്താണ ചെയ്യേണ്ടത. (ആലോചിച്ചിട്ട) നമുക്കെന്താണനഷ്ടം. ഉറക്കെവിളിക്കതന്നെ. അ സമയത്തിൽ തുടങ്ങിയിരിക്കുന്ന കർമ്മം മതിയാകട്ടെ. (പിന്നെയും കുറെക്കൂടി ഉറക്കെ) ആരാണിവിടെയുള്ളത ? ഈ വാതിൽ ഒന്നു തുറക്കണെയ് ! !

(അണിയറയിൽ)

എന്താണ പറഞ്ഞത ? ഇതാ ഞാൻ വരുന്നു.

വിടൻ— ഇപ്പോൾ ശബ്ദം കേൾക്കുന്നില്ല. എന്നതന്നെയുമല്ല ഉദാരമഞ്ജരി സംഭ്രമത്തോടുകൂടെ വാതിൽ തുറന്ന അകത്തു നടന്നിരുന്ന കാൎയ്യത്തിന്റെ സ്വരൂപത്തെ മറച്ചുവെച്ചു ഞാൻ അകത്തുകടന്നു ചെല്ലാതിരിപ്പാനായിട്ടിതാ പുറത്തേക്കുവരുന്നു. (അനന്തരം ഉദാരമഞ്ജരി പ്രവേശിച്ചിട്ട) ഭവാൻ എപ്പോളാണിവിടെ വന്നത ?

വിടൻ— (വിചാരം) ആകട്ടെ ഇങ്ങിനെ പറകതന്നെ. (പ്രകാശം) ഞാൻ ഇവിടെ വന്നിട്ട രണ്ടു നാഴികയായി.

ഉദാര— ഞാൻ ഗൃഹജോലികളിൽ പ്രവേശിച്ചിരുന്നതുകൊണ്ട അറിഞ്ഞില്ല.

വിടൻ— (ചിരിച്ചുംകൊണ്ട) ഗൃഹജോലികളൊക്കെ കഴിഞ്ഞൊ ?

ഉദാര— ഏകദേശം കഴിഞ്ഞു എന്നുതന്നെ പറയാം.

വിടൻ— ഹൊ! ഗ്രഹചാരി വലിയതുതന്നെ. എന്തെന്നാൽ കഴിയുന്നതിന്നു മുമ്പുതന്നെ ഭവതി ഇത്ര ക്ഷീണിച്ചുവല്ലൊ.

ഉദാര— ഇപ്പോളിടെ തലവേദനകൊണ്ടു ആകുലനായ അച്ഛന്റെ ഗൃഹത്തിലാണ അമ്മ താമസിക്കുന്നതു. അതുകൊണ്ടു കുറെ ആധികമുണ്ടു.

വിടൻ— വിധി! അമ്മയിവിടെ ഇല്ലെന്നുള്ളതു ഞാൻ അറിഞ്ഞിരിക്കുന്നു. ശുദ്ധന്മാരെ വിശ്വസിപ്പിക്കുന്ന ഈ അസത്യവാക്കുകൾ പറഞ്ഞിട്ടു ഫലമില്ല. ഇതു ഒരു പരീക്ഷകന്റെ അടുക്കൽ കപടിയാണെന്നു പറഞ്ഞു മുതൽ തോല്പിക്കുന്നതുപോലെയാണെല്ലൊ ആലോചിച്ചുനോക്കു—

ഫാലേ കാവ്യംവിയർപ്പുൾക്കുനിഷ കർപ്പതി
തെളുംമെൾപ്പീതിലജ്ജാ
മൂലംലോലതപാങ്ഗംമിഴികൾകുചയുഗം
ഇള്ളിയുംശ്വാസവേഗാൽ
ബാലേയല്ലാതഴിഞ്ഞുംപടമധരഗളം
ദന്തപാതാൽമുറിഞ്ഞും
ചാലേകാണുന്നതെന്തോൻതവകപടതതി
ക്ഷീണമോളുന്നതാനായ് (൩൩)

(ചെവിയോർത്തിട്ടു) ഉദാരമഞ്ജരി! ആരാണകത്തുനിന്നുകൊണ്ടു ചിരിച്ചതു? (നോക്കീട്ടു) വാതിലിൽ മറഞ്ഞുകൊണ്ടിതാ ഒരുത്തൻ നില്ക്കുന്നു. (നല്ലവണ്ണം നോക്കീട്ടു) ചിരിച്ചാൽ കണ്ടമുഖംമാത്രം പുറത്തുകാണിച്ചുകൊണ്ടു വിടവൃത്തിയെ ഏകദേശം അറിഞ്ഞവനായ 'വിമലകേതു' എന്ന വിപ്രകുമാരൻ കാണപ്പെടുന്നു.

(പറഞ്ഞതുപോലെ വിമലകേതു പ്രവേശിക്കുന്നു)

വിടൻ— നല്ലത സ്നേഹിത! നല്ലതു.

വിമല— ഒച്ച കേട്ടപ്പോൾ തന്നെ ഭവാനെ ഞാനറിഞ്ഞു. പിന്നെ പ്രത്യക്ഷമായിട്ടു വരാതിരുന്നാലും വിദ്വാനായ അങ്ങ സൂത്രത്തിൽ ചോദിച്ചു മനസ്സിലാക്കാതിരിക്കയില്ല എന്ന വിചാരിച്ചിട്ടാണ താനേതന്നെ പ്രത്യക്ഷമായി വന്നതു. അങ്ങ അകത്തേക്കു കടന്ന ഈ ജനത്തെ അനുഗ്രഹിക്കയും ചെയ്യുന്നു—

വിടൻ—എന്തൊ അങ്ങിനെ ഒന്നും വേണ്ട. ഈ അനുചിതപ്രവൃത്തി കൊണ്ടുതന്നെ മതിയായി. മുടങ്ങിയ കമ്മത്തിന്റെ പ്രായശ്ചിത്തംചെയ്യാനായിട്ട നിങ്ങൾ അകത്തെക്കപൊകുവിൻ ഞാൻപോകുന്നു. ഈ ആശീസ്സിനെ യാഥാൎത്ഥ്യം ചെയ്യിൻ.

വീതശങ്കമിഹലോകവൃത്തിയെ
ചെയ്തുകൊണ്ടഴകിൽനിങ്ങളിങ്ങിനെ
സ്ത്രീത്വസൌഖ്യമെട്ടുവാൻനിത്യവും
ജാതമാകയതുവിസ്മമീവിധം (൩൭)

(രണ്ടാളും പോകുന്നു)

വിടൻ— ഓഹോ ഇവർ ചിരിച്ചുംകൊണ്ടു അകത്തെക്കുതന്നെ പോയി. പോകട്ടെ— (ചുറ്റിനടന്നു മുമ്പിലേക്ക നോക്കീട്ട) ഓഹോ ഇതാ പ്രമദവതിയുടെ പ്രഥമപുത്രിയായ മദനവതി എന്റെ നേരെ വരുന്നു. ആശ്ചര്യം— നൂതനഗർഭത്തിന്റെ ആരംഭം ഹേതുവായിട്ട ഇവളുടെ അംഗങ്ങൾ അതിമനോഹരങ്ങളായിരിക്കുന്നു— എങ്ങിനെ എന്നാൽ—

ഗണ്ഡതല്പവിളൎച്ചയുണ്ടുമിഴികൾക്കാലസ്യവുംപോൎമുല
ക്കുന്നിൽചായകറുപ്പുമുണ്ടുചെറുതാസ്ത്രീത്വാത്മമല്പ്രസാദമേ
ത്തിന്നുംമ്മ്ലനലകംജയിക്കമലർബാണന്നഭൃത്യോചിതാണതിൻ
വന്നുംഹന്തതെളിഞ്ഞുമങ്ങിനതുമംകാണുന്നുതേമാവലി (൩൮)

(അനന്തരം മദനവതി പ്രവേശിക്കുന്നു)

വിടൻ— ഹോ ഇവൾ അടുത്തുവന്നു കഴിഞ്ഞു. ഭദ്രേ എവിടെ നിന്നാണ വരുന്നത?

മദന— ഇപ്പോൾ എന്റെ ഭവനത്തിൽനിന്നു തന്നെയാണ.

വിടൻ— ഗർഭിണിയായ ഭവതിയെ കണ്ടിട്ട ഇപ്പോൾ ഞാൻ സന്തോഷത്തിന്റെയും സന്താപത്തിന്റെയും മദ്ധ്യത്തിലാണ വൎത്തിക്കുന്നത— എന്തെന്നാൽ,

* സന്താനമുണ്ടാമ്പുരമെന്നതോൎത്തു
സന്തോഷമുൾക്കാമ്പിലുദിച്ചിടുന്നു
ചിന്തുന്നതായന്യവിനാശമോൎത്തു
സന്താപവുംമേവലുമന്നുചിത്തേ (൩൯)

മദന— ഇതു സ്നേഹലക്ഷണം തന്നെയാണ.

വിടൻ— ആകട്ടെ ഇതു എത്രാമത്തെ മാസമാണ—

കേരള സാഹിത്യ അക്കാദമി

മദന— പിറക്കുന്നതു ആഷാഢമാസത്തേതാണ.

വിടൻ— (ചിരിച്ചുംകൊണ്ടു) കഴിഞ്ഞതും വരുവാനിരിക്കുന്നതുമായ മാസങ്ങളെക്കൊണ്ടു ഇപ്പോൾ നടക്കുന്ന മാസത്തെ പറയുന്നതു എല്ലാ സ്ത്രീകളുടേയും സമ്പ്രദായമാണല്ലോ.

മദന— അമ്മയുടെ വാക്കിനെ അതിക്രമിക്കരുതല്ലോ.

വിടൻ— എന്നാൽ ഞാനും അമ്മ പറയേണ്ടതിനെ കുറച്ചു പറയാം.

* ചെറുതാണവിടത്തെവയറുപോലെകുറു
ന്തൊരുചൂചുകങ്ങളെഴുമാമുലകളും
അരിയായചേലയുടെതുമ്പുകൊണ്ടുനീ
ശരിയായ്മറയ്ക്കയിരുന്നുവായിന്നി! (൬൭)

മദന— അതു സ്നേഹംകൊണ്ടു അമ്മയെപ്പോലെ തന്നെയാണല്ലോ. ഞാൻ അങ്ങിനെതന്നെ ചെയ്യാം. (അപ്രകാരം ചെയ്യുന്നു)

വിടൻ— (വസ്ത്രംകൊണ്ടു മറച്ച മുലത്തടത്തിൽ കൈവച്ചിട്ടു)

* കനത്തൊരിട്ടനിക്കൂർത്തകടക്കകൾക്ക
വനത്തിലിടപ്പെട്ടതാൽപതിനുരുലം
എന്നിത്രമാത്രംമുറുമാഘ്രാണിച്ചി
ട്ടന്തമാംശ്രീമണിമാലികണ്ടാൻ (൬൮)

പിന്നെ ഭവതി എവിടേക്കു പോകുന്നു?

മദന— മാകന്ദോദ്യാനത്തിലിരിക്കുന്ന ഭഗവാൻ കാമദേവനെ വന്ദിക്കുവാൻ പോകുന്നു.

വിടൻ— എന്നാൽ പോകൂ. ഞാനും പോകുന്നു. (മദനവതി പോയി)

വിടൻ— (ചുററി നടന്നു മുമ്പിലേക്കു നോക്കീട്ടു)

*പാരംപൊങ്ങിനിൽപ്പുണ്ടുകന്ദുകമതാൽതാഡിച്ചുമറ്റത്തിലു
ള്ളോരെപ്പേർത്തുലമങ്ങുമിങ്ങിനെയിടക്കൈക്കുന്നിനാൽകൂടിയും
പാരാതങ്ങൊഴിയുന്നചേലതിലുമങ്ങുമെങ്ങുകൊണ്ടുന്നമിച്ചുമി
ന്നാരോൽതനാവശന്നോരുത്തിയിഴികന്ദുകനന്ദകേളിക്കുമേ (൬൯)

അതിനാൽ ഇവൾ ആരാണ? (വിചാരിച്ചിട്ടു) ദൂരത്തിൽ ആയി ക്കണ്ടപ്പോൾ പിടിയാനയെന്നു വിചാരിച്ചുപോയത്തുവന്നപ്പോൾ ഏതുമയായിരുന്നു. എന്തെന്നാൽ ഇവൾ എല്ലാകമി

കഠാക്ഷം ഒരുപോലെ സമതാഭ്യാസം ചെയ്യുന്നതിനുള്ള കളരിയും 'തുലമാലിക' എന്ന എല്ലാവരാലും അറിയപ്പെട്ടിരിക്കുന്ന നാമത്തോടുകൂടിയവളുമായ ഒരു കലടയാണു. ആപ്രകാരം തന്നെ ഇവരുടെ—

ചുണ്ടത്തുമന്ദമുറിവേറാവുമുണ്ടു പാരം
ഒണ്ടിങ്കലുംനഖമേഖകളുണ്ടസംഖ്യം
തണ്ടാർശരാലയമതിൽച്ചെതവെൻതഴമ്പു
മുണ്ടായിരിക്കുമിഹ മേഥുനചേട്ടനത്താൽ (൫൨)

(അനന്തരം തുലമാലികപ്രവേശിക്കുന്നു)

വിടൻ— അയ്യോ ഇവൾ അടുത്തുവന്നുകഴിഞ്ഞു. അതിനാൽ ഒന്നും മിണ്ടാതെ ഓടുകതന്നെയാണു ഉചിതം. അറിവുള്ളവർ പറഞ്ഞിരിക്കുന്നതും,

മന്ദേതരം ചപലനാരികൾ താനടുക്കൽ
നിന്നോട്ടുവിൻ തരുണമേതുമെല്ലുട്ടത്താൽ
പിന്നാലെവന്നണയുകിൽച്ചുടുകല്ലുകൊണ്ടു
തന്നെങ്കിലുംദ്രുതമെറിഞ്ഞുതടുത്തുകൊൾവിൻ (൫൩)

എന്നാണല്ലോ. അതിനെ ആചരിച്ചാൽ വലിയ അലൌകികമായിതീരും. അതിനാൽ ഇപ്പോൾ മന്ദസ്മിതത്തോടുകൂടെ ഉള്ള മധുരവാക്കുകൊണ്ടു സന്തോഷിപ്പിച്ചിട്ടു പോകാം. (പ്രകാശം) അല്ലയോ സകലജനങ്ങളുടേയും സുകൃതസത്തുകൊണ്ടുണ്ടാക്കപ്പെട്ട ശരീരത്തോടുകൂടിയ തുലമാലികേ നീ കാമദേവന്റെ സന്താനംഗങ്ങളായ കടാക്ഷങ്ങളെക്കൊണ്ടു എന്നെയുടെ സംഭാവനം ചെയ്യേണമേ. അത്രതന്നെയുമല്ല.

മന്ദസ്മേരമെന്നപാലമൃതം
മുഗ്ദ്ധസിതം* കലശമന്നാരിമുഖംതേ
സുരതിസരസമേതുല്യദ്ധംബന്തോ
ഹൃദയമതിൽക്കുതുകമേകൊടുക്കയില്ല (൫൪)

തുലമാലിക— ആശ്ചര്യം. ഭോഗമെന്ന വല്ലതും കൂടീട്ടാണോ കണ്ടതു. (എന്നു ആലിംഗനം ചെയ്യുവാനായിചെല്ലുന്നു)

വിടൻ— (വിചാരം) ഛെ! ഇവൾ മന്ദസ്മിതത്തോടുകൂടെ ആലിം

---

* കലശത്തിന്റെ രൂപം.

ഗനം ചെയ്യാനായി കൈരണ്ടും നീട്ടിക്കൊണ്ടു വരുന്നു. അതിനാൽ ഇപ്പോൾ ഇങ്ങിനെ പറയാം. (പ്രകാശം) ഛേ! എന്നെ തൊടരുതു. ഞാൻ അശുദ്ധിയാണു.

ഇല— ഞാനും അശുദ്ധി തന്നെയാണു.

വിടൻ— (വിചാരം) കുലട പറഞ്ഞതു സത്യമാണു. എന്നാൽ അല്പം വ്യത്യാസം ഉണ്ടു. ഞാൻ തന്നെ അശുദ്ധി എന്നായിട്ടു പറയേണ്ടതു. (പ്രകാശം)

* മനസ്സുകൊണ്ടിങ്ങിനെതമ്മിൽചേരാ
ലനാരതംചേർന്നൊരുകാമികൾക്കു
നിനയ്ക്കിലന്യോന്യശരീരസംഗമെ
മുന്നംപുറത്തുള്ളൊരുശൌച്യകാട്ടൽ (൬൩)

ഇല— അതുശരിയാണു.

വിടൻ— ആട്ടെ. ഭദ്രേ ഇപ്പോൾ എവിടെനിന്നു വരുന്നു. എവിടെ പോകുന്നു?

ഇല— ഇപ്പോൾ താലധ്വജന്റെ സമീപത്തിൽനിന്നു വരുന്നു. സാലധ്വജന്റെ സമീപത്തിലേക്കു പോകയും ചെയ്യുന്നു.

വിടൻ— (ഉള്ളിൽ ചിരിയോടുകൂടെ വിചാരം) താലധ്വജനിൽ തൃപ്തിയില്ലാഞ്ഞിട്ടാണ പോന്നതെന്നു തോന്നുന്നു. (പ്രകാശം) ഒരു വലിയ ബന്ധുകാര്യം നിമിത്തം ഇനിക്കു പോകുവാൻ വൈകി. അതിനാൽ ഇപ്പോൾ പോകട്ടെ.

ഇല— അങ്ങു ഈ വേശ്യാത്തെരുവിലുള്ള സ്ത്രീജനങ്ങളുടെ കൃത്യമെല്ലാം ഭരിക്കുന്നവനാണെങ്കിലും എന്റെ ഗൃഹത്തിൽ ഒരിക്കൽപോലും വരുന്നില്ലല്ലോ എന്നതുകൊണ്ടു ഇനിക്കു വളരെ വ്യസനമുണ്ടു.

വിടൻ— (വിചാരം) എന്താണിപ്പോൾ പറയേണ്ടതു? ആകട്ടെ ഇങ്ങിനെയുള്ള കുലടകളോടു അസത്യം പറഞ്ഞാൽ ദോഷമില്ല. (പ്രകാശം) ഭദ്രേ! നാളെ സൂര്യനമിക്കുമെങ്കിൽ നിന്റെ വ്യസനം ഞാൻ തീർക്കാം. ഇപ്പോൾ പൊയ്ക്കൊൾക.

ഇല— എന്നാലങ്ങിനെയാവട്ടെ. (എന്നു പോയി)

വിടൻ— ആവൂ ഇവൾ പോയല്ലോ. പുരുഷന്മാരെ പിടിക്കുന്ന പിശാചികയുടെ മുഖത്തിൽനിന്നു ഭാഗ്യംകൊണ്ടു ഞാൻ വിട്ടുപോന്നു. (പടിഞ്ഞാട്ടു നോക്കീട്ടു) അഹോ സന്ധ്യാസമയം സമീപിച്ചിരിക്കുന്നു. എന്തെന്നാൽ,

* ഭാനുന്നിരമിയന്നപ്പശ്ചിമേപാർത്തിട്ടുനി
ത്തരുണിയുടെയബിംബംപാരിതന്നാഭയാകും

തരുണിയുടെയകുന്നത്തിങ്കലെപ്പുല്ലുവാല
കമണ്ണരുചിവിലാസം താൻമരിക്കുന്നിതിപ്പോഴും (൭)

ഈ സമയം വളരെ മനോഹരം തന്നെ. എന്തെന്നാൽ ഇപ്പോൾ,

* ചൻകേശങ്ങളിൽനല്ലമുൽമുല്ലപ്പൂകൾച്ചു
ണ്ടാക്കിനൽസൌരഭം
കൊങ്കകളിലണിഞ്ഞു ചന്ദനരസംതോം
ബൃദ്ധവുംതിന്നടൻ
കൺകോണേരമൊടാൽ ചുവന്നമദന
ക്രീഡയ്ക്കുമെപ്പട്ടഹോ
തൻകാന്താലയമായതിൽത്തരുണിമാർ
പ്രായേണപോകുന്നിതാ (൮)

അഹോ തിന്മകളുടെ വിരഹാവസ്ഥ സഹിക്കപ്പെട്ടുകൂടാത്തതാണ്. എന്തെന്നാൽ,

* തമ്മിൽതൻകൊക്കിനാൽത്താമരവള്ളയ
മതേകുന്നലീശലശപാസിക്ക
നമ്മേമോഹാൽപ്പൽകിട്ടുന്നു പലകമിളറം
മാസ്സണ്ടുപക്ഷങ്ങൾകൊണ്ടും
ചെമ്മേ കണ്ണീർപൊഴിക്കുന്നിതുവളരെയ
രോമാഞ്ചിയായ്ക്കുവക്രമാത്തി
ട്ടിമ്മട്ടിച്ചക്രവാകവ്യതിയെവെടിഞ്ഞെ
ത്തുചെയ്യുന്നതില്ല

(ചുററിനടന്നു വലത്തു ഭാഗത്തേക്കു നോക്കീട്ടു) ആശ്ചര്യം ചെല്ലേണ്ടതായ സ്ഥലത്തുവെച്ചു. ഇതാണ് അനംഗപതാകയുടെ ഗൃഹം. ഇതിലേക്കു കടക്കുകതന്നെ.

(എന്നു കടക്കുന്നതായി നടിച്ചിട്ടു) ആശ്ചര്യം ഇതാ അനംഗപതാക, സായന്തനസ്നാനം ഹേതുവായിട്ടു വിശിഷ്യസ്നിഗ്ദ്ധമായും മനോഹരമായുമുള്ള ശരീരത്തോടും അംഗങ്ങളെക്കൊണ്ടു തന്മയമായ ശിഞ്ജനയെ അലങ്കരിച്ചും ഇടതിങ്ങി ചുരുണ്ടിരുണ്ടു നീണ്ടുമിരിക്കുന്ന തലമുടിയോടും സൌരഭ്യത്തോടുകൂടിയ കസ്തൂരികൊണ്ടു തൊട്ടിരിക്കുന്ന അതിമനോഹരമായ ഗോപികൊണ്ടു അലങ്കരിച്ചിരിക്കുന്ന നെററിത്തടത്തോടും മഞ്ജുളമായി ധവളമായിരിക്കുന്ന മംഗളസൂത്രംകൊണ്ടു ശോഭിച്ചിരിക്കുന്ന കണ്ഠത്തോടും ധവളമായും നേരിയുള്ളതായുമുള്ള വസ്ത്രം ഉടുത്തിരിക്കുന്നതിന്റെ പുറമെ ഇട്ടിരിക്കുന്ന നല്ല കനകമേഖലയോടും

കൂടിയവളുമായി തനിക്കു ഏററവും വിശ്വസ്തയായ ചിത്രലതയുമായി ഓരോന്നു പറഞ്ഞും അതി നിൎമ്മലങ്ങളായ പല്ലുകളുടെ ശോഭാപുഞ്ജങ്ങളാൽ ഏററവും കൂടിച്ചേൎന്നുകൊണ്ടു വൎദ്ധിച്ചിരിക്കുന്ന വെണ്മയോടുകൂടിയ നല്ല മുല്ലപ്പൂക്കൾകൊണ്ടു മാലകെട്ടിയുംകൊണ്ടു ക്രീഡാഗൃഹത്തിന്റെ പുറന്തിണ്ണമേൽ ഇരിക്കുന്നു.

(അനന്തരം മുല്ലമാലകെട്ടിക്കൊണ്ടു അനംഗപതാകയും ചിത്രലതയും പ്രവേശിക്കുന്നു)

വിടൻ— ആശ്ചൎയ്യം ഇവളുടെ ശരീരം അതിമനോഹരംതന്നെ എന്തെന്നാൽ—

* നാരീസൃഷ്ടിക്കുഴന്തെൻനിപുണതയെളിവാ
ക്കീടുവാനേററവുംസൌ
ന്ദൎയ്യദ്രവ്യൌഘത്താലിവളെവിധിചമ
ച്ചിട്ടുപേക്ഷിപ്പതിന്നായ്
വീരൻകന്ദൎപ്പനെന്താൻചപലകയിയെവലി
ച്ചോരുവില്ലിൽതൊടുത്തു
ള്ളോരസ്ത്രംമോഹനാസ്ത്രത്തൊടുമമികിൾനി
യോഗിച്ചുവെന്നോൎത്തിടുന്നേൻ (സ്ര)

എന്റെ സന്ദേശത്തിലുള്ള വിശ്വാസത്താൽ മന്ദീഭവിച്ചിരിക്കുന്ന മദനാതങ്കത്തോടുകൂടിയ ഇവൾ ആ അനംഗകേതുവിന്റെ വരവിനെ നോക്കിക്കൊണ്ടിരിക്കുകയാണെന്നു തോന്നുന്നു. അതിനാൽ അടുത്തു ചെല്ലുക തന്നെ. (എന്നടുത്തുചെന്നു ചിരിച്ചുകൊണ്ടു) അല്ലയോ ഇതാ സന്ധ്യാകാലത്തിൽ ഒരു അതിഥി വന്നിരിക്കുന്നു. ഉചിതങ്ങളായ സൽക്കാരങ്ങളെക്കൊണ്ടു സൽക്കരിക്കണം. (അനംഗപതാകയും ചിത്രലതയും കണ്ടിട്ടു എണീക്കുന്നു)

അനംഗ— ഭവാനായിക്കൊണ്ടു സ്വാഗതം. ഈ ആസനത്തിലിരിക്കു—

വിടൻ— എന്നാൽ അങ്ങിനെയാവട്ടെ. (എന്നു ഇരിക്കുന്നു)

അനംഗ— ഇതാ ഞാൻ വന്ദിക്കുന്നു. (എന്നു നമസ്കരിക്കുന്നു)

വിടൻ— * മതിയതിലേത്തുയുവാവിൽ
കൊതികൊണ്ടുറൂതാൎത്ഥ്യംഭവിച്ചിടുന്നതായ
സതതംനിങ്കൽത്തന്നെ
നധികാദരമേറായ്വരട്ടെ (പൃ)

അനംഗ— ഞാൻ ഈ ആശീസ്സിനെ പരിഗ്രഹിച്ചു—

വിടൻ— ഭവതികൾ ഇവിടെ ഇരിക്കുവിൻ.

ചിത്രലത— ✽ 'ത്വൽപ്രിയമത്തു' — (ഇത്യാദി ചൊല്ലീട്ടു) ഭവാന്റെ ഈ സന്ദേശംകൊണ്ടു തന്നെ പ്രിയസഖിക്കു മിക്കവാറും സ്വാസ്ഥ്യമുണ്ടായി. ഇനി വല്ലതും താമസംകൂടാതെ നല്ലവണ്ണം സ്വാസ്ഥ്യമുണ്ടാകും.

വിടൻ— (അനംഗപതാകയുടെ ഉൽകണ്ഠാതിശയത്തെ പ്രകാശിപ്പിച്ചുംകൊണ്ടു) സഖി ചിത്രലതേ! സന്ധ്യാകാലം അടുത്തിരിക്കുന്നു. കണ്ടാലും,

ചന്ദ്രൻനൽതിലകംധരിച്ചുടനതിപ്പാനായ്പ്രദോഷത്തിനെ
ത്തന്നേ കാത്തിട്ടപരാഹ്നമിപ്പോൾ ഭൂമിയിൽ തടഞ്ഞിട്ടലയ്
എന്നാലാപ്രിയനേയുമിക്കുമതിനീകാണാതെമാൽകന്നിതാ
കണ്ണിക്കുംകേതുകത്തിനാൽവിവശയായില്ലയോവിടനെന്നാകിലും (വൃ.)

ചിത്രലത— ഭവാൻ പറഞ്ഞതു സത്യമാണ്. വേഗത്തിൽ ചന്ദ്രോദയം കഴിഞ്ഞാൽ കണ്ണുകളെട്ടെ.

വിടൻ— ഹൊ: കാലിന്റെ ശബ്ദം കേൾക്കുന്നു. (നോക്കീട്ടു) ഇതാ വസന്തത്തോടുകൂടെ കാമദേവൻ എന്നപോലെ മദനശേഖരനോടുകൂടെ അനംഗകേതുവരുന്നു. ഇദ്ദേഹം,

✽ക്ഷീണനായെന്നാകിലുമക്ഷീണദ്യുതിവിലസിട്ടനൊരംഗമൊട്ടും
ചാണയിലുരച്ചുമണിയെ ന്നോണംവിലസുന്നയൗവനത്തോടും

(അനന്തരം അനംഗകേതുവും മദനശേഖരനും പ്രവേശിക്കുന്നു)

വിടൻ— ഹൊ: ഇവർ അടുത്തുവന്നു. പ്രിയമിത്രങ്ങൾക്കായിക്കൊണ്ടു സ്വാഗതം. വൈദഗ്ദ്ധ്യത്തിന്റെ ഭംഗമുണ്ടാകുമെന്നുള്ള ഭയത്താൽ ഞാനിപ്പോൾ എണീക്കുന്നില്ല നിങ്ങൾ ഇരിക്കുവിൻ. (അനംഗകേതുവും മദനശേഖരനും ഇരുന്നിട്ടു) ഞങ്ങൾ ഇപ്പോൾ സനാഥന്മാരായി.

മദന— 'അത്രതന്നെയുമല്ല'——(ഇത്യാദിചൊല്ലീട്ടു) ഭവാന്റെ ഈ വാക്കുകൊണ്ടുതന്നെ പ്രിയവയസ്യന്റെ മദനതാപം കുറഞ്ഞിരിക്കുന്നു. ഇപ്പോൾ ഭവാനെ കണ്ടതുകൊണ്ടു എനിക്കു ഏററവുംവിശ്വാസവുമുണ്ടായി.

വിടൻ— ഇതിനെയുള്ള ബന്ധുക്കളോടുവല്ലതും പറകയും പ്രവൃത്തിക്കയും ചെയ്താൽ പിന്നെ അതിന്നു ഞാൻ ഭേദം വരുത്തുമോ? (അനംഗപതാകയോടായിട്ടു) ഭദ്രേ! സന്ധ്യാകാലം ഏററവും അടുത്തുകഴിഞ്ഞു. സകലേന്ദ്രിയങ്ങൾക്കും തൃപ്തിയെ ഉണ്ടാക്കുന്ന ചന്ദ്രൻ ഉദിക്കുകയും ചെയ്തു. കണ്ടാലും,

അവികലകലകൾ നിറഞ്ഞും
കുവലയമോദത്തെ നൽകിയും പാരം
നലമോടുതാമഹോ!
ഫലിതമയാട്ടുമിവനിങ്ങുദിച്ചു വിലസുന്നു (വൃ)

ഉപതി എന്താണു മുഖം താഴ്ത്തി പുഞ്ചിരിയിട്ടുന്നത്? (ചിരിച്ചുംകൊണ്ടു) വളരെക്കാലം ആഗ്രഹിച്ചിരുന്ന സ്ത്രീപുരുഷന്മാർ തമ്മിലെന്താണിങ്ങിനെ സംസാരിക്കാതിരിക്കുന്നത്?

ചിത്രലതയും മദനമോഹനനും—പ്രതിപുരുഷന്മാരുള്ളപ്പോൾ യോഗിപ്രതിയോഗികൾക്കു തമ്മിൽ സംസാരിച്ചിട്ടാവശ്യമില്ലല്ലോ.

വിടൻ— അതു ശരി. എന്നാൽ പ്രതിപുരുഷൻ പറയേണ്ടതൊഴിച്ചുള്ളതിനെ കരുതുന്നു പറയുന്നു. സഖി ചിത്രലതേ! സഖേ മദനമഥേ!

(അനംഗപതാകയേയും അനംഗകേതുവിനേയും ചൂണ്ടിക്കാണിച്ചിട്ടു)

ഇക്കല്യാണാംഗിയുൾച്ചേർന്നിട്ടുമിവനെന്നമി
ട്ടിക്കയുമെത്തുന്നതാ
നല്ലൊക്കൊമ്പിൽ പ്രേമകിതനായിലിവനുപമം
വാഴ്ത്തിയും വെച്ചിട്ടിടട്ടെ
വാഴ്ത്തുന്നുതൽ ഫലം ചേർന്നതിസുഭഗമതായ്
ത്തീർന്നിടട്ടേ വിശിഷ്ടർ
നൽക്കാമൻ നിങ്ങൾക്കൊളിവതുടെയുമതല്ലേ
ന്റെയും യത്നമെല്ലാം (വൃത)

ചിത്രലതയും മദനമോഹനനും— സുതേജസ്വിയായ ഭവാന്റെ വദനചന്ദ്രനിൽ നിന്നുണ്ടായ ഈ അനുഗ്രഹാമൃതത്തെ ഞങ്ങൾ പരിഗ്രഹിച്ചിരിക്കുന്നു.

വിടൻ— (പടിഞ്ഞാട്ടു നോക്കീട്ടു) ഓ! സന്ധ്യാസമയം അതിക്രമിക്കുന്നു. അതിനാൽ ഞാൻ പോകുവാൻ ആഗ്രഹിക്കുന്നു.

ചിത്രലതയും മദനമോഹനനും— ഭവാൻ പൊയ്ക്കഴിഞ്ഞാൽ പ്രിയസഖിക്കും പ്രിയസഖനും മനോദുഃഖമുണ്ടാകും.

വിടൻ— നിങ്ങൾ രണ്ടുപേരും അടുക്കലുണ്ടല്ലോ.

അനംഗപതാകയും അനംഗകേതുവും— പോകാതെ കഴികയില്ലെങ്കിൽ പോകേണ്ടതാണ്. അധികം നിർബ്ബന്ധിക്കുന്നതു ഭംഗിയല്ലല്ലോ പിന്നെ എപ്പോൾ കാണാം.

വിടൻ— അതും പറയാം

* കാമംനിറയിലെഴുകണ്ണുകൾ ചുവന്നത്യാമക്രീഡയാൽ
വ്യക്തമായെവാടിവലത്തുചെയ്തൊടിനകന്നൊരുഘോരധൗതമായ്
രോമാഞ്ചിതത്താടുമറ്റുനാൽമലയജംമാത്തലിന്നുംനിലയിലെ
കാണാനായിനിന്താൻപ്രഭാതസമയേരേതൊടുമെത്തിടുവൻ ()

അനംഗപതാകയും അനംഗകേതുവും— എന്നാൽ താമസിക്കാ
തെ വരുവാനായിട്ട പോകതന്നെ-

വിടൻ— അങ്ങിനെ ആവട്ടെ- (എഴുനീററിട്ട)

തരുണീമാണിക്യമതിവര
തരുണമിലിചനിനൈപാനമാണിവരെ
ഇവരെയോജിപ്പിച്ചേൻ
വിരവിനൊടുംഭവതാൻകൃതാർത്ഥനായ് (൮൧)

അപ്രകാരമെങ്കിലും ഇത്രമാത്രം ഭവിക്കട്ടെ-

(ഭരതവാക്യം)

തെല്ലുമെന്നസൂയിലസൂയകലരാതെ
ചൊല്ലാറാപണ്ഡിതർസമ്മോദിച്ചുമിരിച്ചും
വല്ലാതെപൂക്കുടെകണ്ണുയുഗത്തിലൊട്ടും
ചെല്ലരുതേയുംകവിവചസ്സുകളിതിന്നിടട്ടെ- (൮൨)

ഇതുവും കൂടി അനുഗ്രഹിക്കണം.

ശ്രീമൽകീർത്തികലാപങ്ങളുന്നില്പെഴും
ശ്രീരാജരാജാഖ്യനാം
ഭൂമീന്ദ്രൻപ്രജയംവരെയുള്ളത്പെടാതിരുളി
പാലിക്കണം
സോമാർദ്ധശേഖരന്റെമൈപകതിസമ്പാദിച്ചു
പുണ്യാളിയാം
കാമാക്ഷികുലദേവതാമനസാ
കാമങ്ങളെനൽകണം (൮൩)

(എല്ലാവരും പോയി)

ശുഭമസ്തു.

കേരള സാഹിത്യ
അക്കാദമി